# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSATVM/ GP8/1471/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 28/10/2021
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSATVM/ GP8/1471/2021 തീയ്യതി: 28/10/2021

## തിരുവനന്തപുരം ജില്ലയിലെ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 44 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 36 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 06-08-2021 | 16-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-08-2021 | 16-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. മനേഷ്.ബി.എച്ച്, ഓഡിറ്റ് ഓഫീസർ
ശ്രീമതി വാലന്റീന.എം, ഓഡിറ്റ് ഓഫീസർ
ശ്രീമതി ലിഷ.കെ.വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
(10.08.2021 മുതൽ)
ശ്രീ.പ്രവീൺ.എൻ.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ശരത്.ജെ.ശങ്കർ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ക്രിസ്റ്റി സൈമൺ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി ഓമന ദേവദാസ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ലക്ഷ്മി ഭാസി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. ഷിജു.എസ്.വി. | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ. ഷ്യാംജി വോയ്സ് | മെഡിക്കൽ ഓഫീസർ - സി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ. രാജി.എസ്.ആർ | മെഡിക്കൽ ഓഫീസർ - ആയുർവേദം | 01-04-2019 | 15-02-2020 |
| ഡോ. ഷമ്മി ഹിദായൽ | മെഡിക്കൽ ഓഫീസർ - ആയുർവേദം | 16-02-2020 | 31-03-2020 |
| ഡോ. തങ്ക.ആർ. | മെഡിക്കൽ ഓഫീസർ - ഹോമിയോ | 01-04-2019 | 31-03-2020 |
| ശ്രീ. വിനോദ്.ടി.വി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -സർക്കിൾ 1 | 01-04-2019 | 02-07-2019 |
| ശ്രീമതി ആശാരാജ്.വി.ആർ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -സർക്കിൾ 1 | 03-07-2019 | 14-11-2019 |
| ശ്രീ. മനോജ് കുമാർ | വില്ലേജ് എക്സ്റ്റൻഷൻ | 15-11-2019 | 09-12-2019 |

| | | | |
|---|---|---|---|
| | ഓഫീസർ -സർക്കിൾ 1 | | |
| ശ്രീമതി ആശാരാജ്.വി.ആർ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -സർക്കിൾ 1 | 10-12-2019 | 31-03-2020 |
| ശ്രീമതി ജ്യോതി ജയറാം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി സ്മിത.വി. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |
| ശ്രീ. പ്രഭുലാൽ.ആർ.എസ്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി ഗീത.ജി.ആർ | എച്ച്.എം. | 01-04-2019 | 31-03-2020 |
| ശ്രീമതി സുജ.വി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി ഓമന ദേവദാസ് | സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ. ഫൈസൽ.എം. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 21-07-2019 |
| ശ്രീ. മുരളീധരൻ നായർ.വി. | അസിസ്റ്റന്റ് സെക്രട്ടറി | 22-07-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sarath J Sankar (Auditor, On 17-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 11-10-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Sarath J Sankar (Auditor, On 15-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 11-10-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sarath J Sankar (Auditor, On 15-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 11-10-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Sarath J Sankar (Auditor, On 15-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 20-10-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Manesh.B.H (Audit Officer, On 19-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 20-10-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Manesh.B.H (Audit Officer, On 20-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 20-10-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Praveen N.G (Asst. Audit Officer, On 21-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 20-10-2021) | 1-7 |
| 8 | സാമൂഹ്യ സുരക്ഷാ പെൻഷൻ - ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ നൽകി- 32,800/- രൂപ സർക്കാരിന് നഷ്ടം<br>Written By: Praveen N.G (Asst. Audit Officer, On 21-08-2021)<br>Last Updated By: K Sreeja (Deputy Director, On 28-10-2021) | 1-7-1 |
| 9 | സാമൂഹ്യ സുരക്ഷാ പെൻഷൻ - ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല<br>Written By: Praveen N.G (Asst. Audit Officer, On 21-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 20-10-2021) | 1-7-2 |
| 10 | ക്യാഷ് പരിശോധന<br>Written By: Manesh.B.H (Audit Officer, On 20-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 11-10-2021) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Manesh.B.H (Audit Officer, On 22-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 11-10-2021) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Manesh.B.H (Audit Officer, On 21-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 11-10-2021) | 1-10 |
| 13 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 17-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 11-10-2021) | 1-11 |
| 14 | വസ്തു നികുതി - അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 15-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 20-10-2021) | 1-12 |
| 15 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 17-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 28-10-2021) | 1-13 |
| 16 | റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി | 1-14 |

| | | |
|---|---|---|
| | ഒടുക്കാതെയും പ്രവർത്തിക്കുന്നു.<br>Written By: Sarath J Sankar (Auditor, On 17-08-2021)<br>Last Updated By: K Sreeja (Deputy Director, On 28-10-2021) | |
| 17 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sarath J Sankar (Auditor, On 17-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 11-10-2021) | 1-15 |
| 18 | പ്രൊക്യുർമെന്റ് മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചില്ല<br>Written By: Manesh.B.H (Audit Officer, On 21-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 11-10-2021) | 1-16 |
| 19 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല<br>Written By: Manesh.B.H (Audit Officer, On 21-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 11-10-2021) | 1-17 |
| 20 | ഓഡിറ്റ് - തുടർ നടപടികൾ<br>Written By: Manesh.B.H (Audit Officer, On 21-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 11-10-2021) | 1-18 |
| 21 | ഗ്രാമസഭ - അവലോകനം<br>Written By: Praveen N.G (Asst. Audit Officer, On 14-08-2021)<br>Last Updated By: Manesh.B.H (Audit Officer, On 22-08-2021) | 1-19 |
| 22 | സ്കൂളുകൾക്ക് ലാപ് ടോപ്പ് വാങ്ങൽ - ഫൈനൽ ബിൽ ലഭ്യമല്ല<br>Written By: Praveen N.G (Asst. Audit Officer, On 13-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 11-10-2021) | 1-20 |
| 23 | കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ വാടക – കെട്ടിട ഉടമസ്ഥരുമായി കരാറിൽ ഏർപ്പെടുന്നില്ല.<br>Written By: Praveen N.G (Asst. Audit Officer, On 14-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 11-10-2021) | 1-21 |
| 24 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വിതരണം -മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം<br>Written By: Praveen N.G (Asst. Audit Officer, On 14-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 11-10-2021) | 1-22 |
| 25 | സാന്ത്വനം ചികിത്സാ പദ്ധതി- കുടുംബസംഗമം- മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി കൂടുതൽ തുക ചെലവഴിച്ചു.<br>Written By: Praveen N.G (Asst. Audit Officer, On 14-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 11-10-2021) | 1-23 |
| 26 | തെരുവുനായ്ക്കളുടെ വന്ധ്യംകരണം - പൂർണമായ ചെലവ് രേഖകൾ ലഭ്യമാക്കിയില്ല 79800/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: VALANTEENA.M (Audit Officer, On 17-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 11-10-2021) | 1-24 |
| 27 | അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പദ്ധതികൾ - കുറഞ്ഞ ചെലവ് ശതമാനം<br>Written By: VALANTEENA.M (Audit Officer, On 17-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 11-10-2021) | 1-25 |
| 28 | അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭിച്ച ഇ ടെണ്ടർ ഫീ തുക ഗ്രാമ പഞ്ചായത്ത് തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടില്ല<br>Written By: VALANTEENA.M (Audit Officer, On 17-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 11-10-2021) | 1-26 |
| 29 | മരാമത്ത് പ്രവൃത്തികൾ - ജി എസ് ടി കോമ്പൻസേഷൻ അനുവദിച്ചത് - നടപടിക്രമങ്ങൾ പാലിക്കുന്നില്ല<br>Written By: VALANTEENA.M (Audit Officer, On 17-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 20-10-2021) | 1-27 |
| 30 | തുക അടവാക്കിയെങ്കിലും കെൽട്രോണിൽ നിന്നും പ്രിന്റർ | 1-28 |

| | | |
|---|---|---|
| | ലഭിച്ചില്ല<br>Written By: VALANTEENA.M (Audit Officer, On 17-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 11-10-2021) | |
| 31 | കുടിവെള്ള കിയോസ്ക്ക് നിർമാണം - പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം<br>Written By: VALANTEENA.M (Audit Officer, On 17-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 16-10-2021) | 1-29 |
| 32 | കായിക വികസനം - പ്രോജക്ട് ലക്ഷ്യപ്രാപ്തിയിലെത്തിയില്ല<br>Written By: Manesh.B.H (Audit Officer, On 22-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 16-10-2021) | 1-30 |
| 33 | പാഥേയം - ചെലവിൽ അവ്യക്തത<br>Written By: Manesh.B.H (Audit Officer, On 22-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 11-10-2021) | 1-31 |
| 34 | സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ പദ്ധതികൾ- വിനിയോഗ വിവരം ലഭ്യമല്ല-തുക തടസ്സപ്പെടുത്തുന്നു.<br>Written By: Lisha.K.V (Asst. Audit Officer, On 20-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 20-10-2021) | 1-32 |
| 35 | പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു<br>Written By: Lisha.K.V (Asst. Audit Officer, On 21-08-2021)<br>Last Updated By: Manesh.B.H (Audit Officer, On 22-08-2021) | 1-33 |
| 36 | ബ്ലോക്ക് പദ്ധതിക്ക് തുക കൈമാറൽ-വിനിയോഗ സാക്ഷ്യ പത്രം പരിശോധനക്ക് ലഭ്യമാക്കിയില്ല<br>Written By: Lisha.K.V (Asst. Audit Officer, On 21-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 16-10-2021) | 1-34 |
| 37 | ഗാർഹിക കുടിവെള്ള കണക്ഷൻ-ചെലവു രേഖകൾ പൂർണമായും പരിശോധനക്ക് ലഭ്യമാക്കിയില്ല<br>Written By: Lisha.K.V (Asst. Audit Officer, On 21-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 16-10-2021) | 1-35 |
| 38 | കെൽട്രോണിൽ നിന്നും കമ്പ്യൂട്ടറുകൾ വാങ്ങൽ-പ്രഫോമ ഇൻവോയ്സ് തുകയും ഒറിജിനൽ ബിൽ തുകയും തമ്മിൽ വ്യത്യാസം<br>Written By: Lisha.K.V (Asst. Audit Officer, On 21-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 16-10-2021) | 1-36 |
| 39 | തെരുവ് വിളക്ക് അറ്റകുറ്റപണി-പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Lisha.K.V (Asst. Audit Officer, On 21-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 16-10-2021) | 1-37 |
| 40 | തെരുവ് വിളക്ക് വാങ്ങിസ്ഥാപിക്കൽ-പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ<br>Written By: Lisha.K.V (Asst. Audit Officer, On 21-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 16-10-2021) | 1-38 |
| 41 | പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി കുടിവെള്ളക്കരം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്<br>Written By: Lisha.K.V (Asst. Audit Officer, On 21-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 16-10-2021) | 1-39 |
| 42 | കൈമാറി കിട്ടിയ സ്ഥാപനങ്ങൾക്ക് കുടിവെള്ള കണക്ഷൻ -പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: Lisha.K.V (Asst. Audit Officer, On 22-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 16-10-2021) | 1-40 |
| 43 | ഹരിതഭവനം - സ്ബ്സിഡി മാർഗ്ഗ നിർദ്ദേശങ്ങൾ | 1-41 |

| | | |
|---|---|---|
| | പാലിച്ചില്ല<br>Written By: Manesh.B.H (Audit Officer, On 22-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 16-10-2021) | |
| 44 | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ (SCP) – പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Manesh.B.H (Audit Officer, On 22-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 16-10-2021) | 1-42 |
| 45 | മെയിന്റനൻസ് പ്രവൃത്തി പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടില്ല<br>Written By: Manesh.B.H (Audit Officer, On 22-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 16-10-2021) | 1-42-1 |
| 46 | കാലപ്പഴക്കമില്ലാത്ത വീടിന് ധനസഹായം<br>Written By: Manesh.B.H (Audit Officer, On 22-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 16-10-2021) | 1-42-2 |
| 47 | ലക്ഷം വീട് കോളനി പുനരുദ്ധാരണം -നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Manesh.B.H (Audit Officer, On 22-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 16-10-2021) | 1-43 |
| 48 | വകയിരുത്തിയ ബ്ലോക്ക്, ജില്ല പഞ്ചായത്ത് വിഹിതങ്ങൾ ലഭ്യമായില്ല<br>Written By: Manesh.B.H (Audit Officer, On 22-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 16-10-2021) | 1-43-1 |
| 49 | പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടില്ല<br>Written By: Manesh.B.H (Audit Officer, On 22-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 16-10-2021) | 1-43-2 |
| 50 | ഭവന നിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയില്ല<br>Written By: Manesh.B.H (Audit Officer, On 22-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 16-10-2021) | 1-44 |
| **ഭാഗം 2** | | |
| 1 | ഇല്ല<br>Written By: Manesh.B.H (Audit Officer, On 22-08-2021)<br>Last Updated By: Manesh.B.H (Audit Officer, On 22-08-2021) | 2-1 |
| **ഭാഗം 3** | | |
| 1 | ഇല്ല<br>Written By: Manesh.B.H (Audit Officer, On 22-08-2021)<br>Last Updated By: Manesh.B.H (Audit Officer, On 22-08-2021) | 3-1 |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Sarath J Sankar (Auditor, On 15-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 20-10-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sarath J Sankar (Auditor, On 15-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 20-10-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sarath J Sankar (Auditor, On 15-08-2021)<br>Last Updated By: Manesh.B.H (Audit Officer, On 22-08-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sarath J Sankar (Auditor, On 15-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 16-10-2021) | 4-4 |

| | | |
|---|---|---|
| 5 | സ്ഥിര നിക്ഷേപം<br>Written By: Sarath J Sankar (Auditor, On 15-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 20-10-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sarath J Sankar (Auditor, On 15-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 20-10-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Manesh.B.H (Audit Officer, On 14-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 20-10-2021) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Manesh.B.H (Audit Officer, On 14-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 20-10-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Manesh.B.H (Audit Officer, On 22-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 20-10-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Manesh.B.H (Audit Officer, On 14-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 20-10-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ്, 21.02.2019 തീയതിയിലെ 1/1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് (മുൻബാക്കി ഉൾപ്പെടെ) 163439926/- രൂപയും ചെലവ് 159389300/- രൂപയും നീക്കിയിരിപ്പ് 3600626/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 27.04.2020 | - | - |

2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു

1)വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി ,വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല.

2)അക്കൗണ്ടുകളിന്മേലുള്ള വാർഷിക അനുപാതങ്ങൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ സ്ഥിര ജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളിലെ കുടിശ്ശിക മാത്രമാണ് 2018-19 വർഷത്തെ B9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 2019 മാർച്ച് മാസത്തെ ടെലഫോൺ ചാർജ്ജ് , വാഹന ഇന്ധന ചെലവ് എന്നിവയ്ക്ക് 2019 ഏപ്രിൽ മാസത്തെ വൗച്ചർ പ്രകാരം ചെലവുണ്ട്.

4)2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് പ്രകാരം വിവിധ പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതത്തിൽ അവശേഷിച്ച 1348/- രൂപ നാളിതുവരെ ചെലവഴിക്കുകയോ ഗുണഭോക്താക്കൾക്ക് തിരികെ നൽകുകയോ ചെയ്തിട്ടില്ല.

5)2018-19 ബാലൻസ് ഷീറ്റ് B-15, 2019-20 റസീപ്റ്റ് & പേയ്മെന്റ് RP-43,എന്നിവ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം | ഇനം | 2018-19 ബാലൻസ് ഷീറ്റ് B-15 (Current&Arrears With LC) | 2019-20 റസീപ്റ്റ് & പേയ്മെന്റ് RP-43 Arreas |
|---|---|---|---|
| 1 | Property Tax On Residential Building | 0 | 5375 |
| 2 | Property Tax On Non Residential Building | 0 | 2394 |

6)ഹെഡ് കോഡ് 160100799- Other Revenue Grants ഇനത്തിൽ 7168/- രൂപ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്.എന്നാൽ പ്രസ്തുത തുകയുടെ വിശദാംശവും ചെലവ് രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

7)2019-20 ലെ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം Total Cash Generated ആയി രേഖപ്പെടുത്തിയിരിക്കുന്ന തുക 1212156/- രൂപയാണ്. എന്നാൽ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Net Increase / Decrease In Cash And Cash Equivalents ആയി രേഖപ്പെടുത്തിയിട്ടുള്ളത് 2792933/-രൂപയാണ്.

8)സംയുക്ത പ്രോജക്ടുകൾക്കായി ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ച തുകകളിലെ 2018-19 വർഷത്തെ നീക്കിയിരിപ്പ് തുക, 2019-20 വർഷം ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല. ലഭിച്ച തുകകളിൽ 2019-20 വർഷം യാതൊരു തുകയും ചെലവഴിക്കാത്ത ഹെഡിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | 2019-20 ബാലൻസ് ഷീറ്റ് |
|---|---|---|
| 320700205 | Contribution Of Joint Venture Project(For Revenue Expenditure)-From District Panchayaths | 13841 |

9)2018-19, 2019-20 വർഷത്തെ ബാലൻസ് ഷീറ്റുകൾ പ്രകാരം നിലനിൽക്കുന്ന റിക്കവറി ഇനത്തിലെ തുകകൾ നാളിതുവരെ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ഒടുക്ക് വരുത്തിയിട്ടില്ല. പ്രസ്തുത തുകകളുടെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

| ഹെഡ് കോഡ് | ഇനം | തുക |
|---|---|---|
| 350200111 | Recoveries Payable – Co Operative Society And Co Operative Banks | 62000 |
| 350200112 | Recoveris Payable – Banks And Other Financial Institutions | 38500 |

| | | |
|---|---|---|
| 350200202 | Recoveris Payable- Value Added Tax | 14654 |
| 350200203 | Recoveries Payable - Kerala Construction Workers Welfare Fund | 3618 |
| 350300103 | Government And Other Dues Payable - Value Added Tax | 6158 |
| 350800299 | Employee Liabilities- Unpaid Salaries | 2000 |
| 350110103 | Other Liabilities | 1000 |

10)ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരമുള്ള കാലഹരണപ്പെട്ട താഴെപ്പറയുന്ന ഡെപ്പോസിറ്റ് തുക പഞ്ചായത്ത് തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടിയിട്ടില്ല

| ഹെഡ് | ഇനം | വൗച്ചർ നം .തീ | തുക |
|---|---|---|---|
| 340100103 | Bidders Earnest Money Deposit | 11501100452/12.08.2015 | 1250 |

11)2019-20 വർഷത്തെ ബാങ്ക് ബുക്ക്, കാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുക ക്രഡിറ്റ് ബാലൻസ്(-Ve) രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശം ചുവടെ

| ബാങ്ക് ബുക്ക് -450250110 TSB A/C | | | |
|---|---|---|---|
| Head Code | Description | Debit | Credit |
| 28.05.2019 | Opening Balance | 49435 | |
| 251300801 | Receipt | 0 | |
| | Payment | | 174832 |
| | Closing Balance | (125397) | |
| 29.05.2019 To 31.05.2019 | No Transaction | | |
| 01.06.2019 | Opening Balance | | (125397) |
| 251300801 | Receipt | 0 | |
| | Payment | | 138876 |
| | Closing Balance | (264273) | |

| കാഷ് ബുക്ക് -450100101 | | | |
|---|---|---|---|
| Head Code | Description | Debit | Credit |
| 25.05.2019 | Opening Balance | 3087 | |
| | Receipt | 600534 | |
| | Payment | | 774832 |
| | Closing Balance | (171211) | |

| | | | |
|---|---|---|---|
| 26.05.2019 | No Transaction | | |
| 27.05.2019 | Opening Balance | | (171211) |
| | Receipt | 403 | |
| | Payment | | 3621 |
| | Closing Balance | (174429.00) | |

12)ഗ്രാമപഞ്ചായത്തിലെ Fixed Asset- ളുടെ ഡിപ്രീസിയേഷൻ Income & Expenditure Statement I-17(A) -ൽ കണക്കാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂളിൽ മുൻ വർഷം വരെയുള്ള Accumulated Depreciation ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

13)കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ 2019-20 വർഷാരംഭത്തിൽ മാത്രമാണ് വസ്തു നികുതി,തൊഴിൽ നികുതി എന്നിവയ്ക്ക് ഡിമാന്റ് രഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് | ഇനം | ഡിമാന്റ് തീയതികൾ |
|---|---|---|
| 110100101 | Property Tax On Residential Building | 01.04.2019 |
| 110100103 | Property Tax On Non Residential Building | 01.04.2019 |
| 140110101 | Licence Fee For Dangerous And Offensive Traders | 01.04.2019 |

14)വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ക്ഷേമ പെൻഷൻ തുകകളും സേവന സോഫ്റ്റ് വെയർ ഡി.ബി.റ്റി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.

| ക്ഷേമപദ്ധതിയുടെ പേര് | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ്(1-14d) | ഡി.ബി.റ്റി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 18000 | 30000 |
| വിധവാപെൻഷൻ | 2686800 | 4365600 |
| വാർദ്ധക്യകാലപെൻഷൻ | 5384100 | 8748900 |
| വികലാംഗപെൻഷൻ | 1193000 | 1896800 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾ | 106200 | 173400 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3829178 |
| വരവ് | 43481201 |
| ആകെ | 47310379 |
| ചെലവ് | 40688268 |
| നീക്കിയിരിപ്പ് | 6622111 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ക്യൂ ബിൽ |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 17582582 | 17582582 | 12603613 | 4978969 | 779855 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 2487588 | 2487588 | 1944050 | 543538 | |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | - |
| [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 0 | 0 | 0 | 0 | - |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 12392055 | 12392055 | 3989818 | 8402237 | 1019000 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 6376000 | 6376000 | 2493267 | 3882733 | 135528 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 5220000 | 5220000 | 4906381 | 313619 | |
| ശുചിത്വ മിഷൻ ഗ്രാന്റ് | 360088 | 0 | 0 | 342167 | 17921 | - |
| എസ്.ബി.എം ഗ്രാമീൺ | 681650 | 0 | 0 | 118351 | 563299 | - |
| ഐ.സി.ഡി.എസ് | 1793350 | 771969 | 2465319 | 500000 | 2065319 | - |
| എൻ.ആർ.ഇ . ജി.എസ് | 20816 | 19100860 | 19121676 | 18784887 | 336789 | - |
| ടോട്ടൽ സാനിട്ടേഷൻ | 2808144 | 0 | 0 | 0 | 2808144 | - |
| കേരളോത്സവ ം ഗ്രാന്റ് | 20000 | 0 | 0 | 0 | 20000 | - |
| ലൈഫ്- സംസ്ഥാന വിഹിതം | 0 | 800000 | 800000 | 0 | 800000 | - |
| വിമുക്തി | 20000 | 0 | 0 | 20000 | 0 | - |
| വേസ്റ്റ് മാനേജ്മെന്റ് | 14247 | 0 | 0 | 0 | 14247 | - |

ഗ്രാന്റുകൾ ചെലവഴിക്കാതെ ചെവഴിക്കാതെ അവശേഷിക്കുന്നത് ഗ്രാമപഞ്ചായത്തിലെ പദ്ധതി നടത്തിപ്പിലെ അപാകതയാണ് സൂചിപ്പിക്കുന്നത്. ഭരണസമിതി പ്രസ്തുത വിഷയത്തിൽ ജാഗ്രത പുലർത്തേണ്ടതാണ്. വിവിധ ഗ്രാന്റുകൾ ചെലവഴിക്കാതെ തനത് ഫണ്ടിൽ നിലനിർത്തിയിരിക്കുന്നു.

2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക ബാലൻഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരമുള്ള താഴെപ്പറയുന്ന ഗ്രാന്റ് തുകകൾ 2019-20 വർഷവും ചെലവഴിക്കാതെ തനത് ഫണ്ടിൽ നിലനിർത്തിയിരിക്കുന്ന

| ഹെഡ് കോഡ് | 2018-19 ബാലൻസ് ഷീറ്റ് പ്രകാരം | 2019-20 വർഷത്തെ ചെലവ് | 2019-20 ബാലൻസ് ഷീറ്റ് |
|---|---|---|---|
| 320100115 | 2808144 | 0 | 2808144 |
| 320200104 | 3664565 | 0 | 3847365 |
| 320200323 | 20000 | 0 | 20000 |
| 320300103 | 7236 | 0 | 7236 |
| 320300199 | 120000 | 20000 | 100000 |
| 320500101 | 14247 | 0 | 14247 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

2019-20 വർഷത്തെ വിവിധ ഫണ്ടുകൾ/ഗ്രാന്റുകളുടെ വിനിയോഗത്തില് ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും താഴെപ്പറയുന്ന പ്രകാരം വ്യത്യാസം കാണുന്നു.

| Fund/Grant | Item | Receipt | Expenditure | Balance |
|---|---|---|---|---|
| Development Fund (General) | ACR | 17582582 | 12603613 | 4978969 |
| | Grant Statement | 17582582 | 14434831 | 3147751 |
| Development Fund (SCP) | ACR | 2487588 | 1944050 | 543538 |
| | Grant Statement | 2487588 | 1973462 | 514126 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 177 | 61675996 | 110 | 30327117 | 0 | 67 | 62 |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം 7 പ്രോജക്ടുകൾക്ക് അംഗീകാരം വാങ്ങിയിരുന്നു. എന്നാൽ, കായികവികസനം (15/20), പാഥേയം (92/20) എന്നീ പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കിയത്. വികസനഫണ്ട് - SCP 247950 രൂപ വകയിരുത്തിയിരുന്ന വൃദ്ധജനങ്ങൾക്ക് കട്ടിൽ എന്ന പ്രോജക്ടും നടപ്പാക്കാത്തവയിൽ ഉൾപ്പെടുന്നു. ആകെ 554295 രൂപ അടങ്കൽ വകയിരുത്തിയിരുന്നതിൽ 111345 രൂപ ചെലവഴിച്ചു (20%). വികസന ഫണ്ടിന്റെ 23.7% മാത്രമാണ് ചെലവഴിച്ചത്.

അസിസ്റ്റന്റ് എഞ്ചിനീയർ സ്പിൽ ഓവർ ഉൾപ്പെടെ ആകെ 72 പദ്ധതികൾ നടപ്പിലാക്കുന്നതിനായാണ് തൻവർഷം അംഗീകാരം വാങ്ങിയെങ്കിലും 31 പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി നിർവഹണത്തിനായി ആകെ വകയിരുത്തിയ 2,12,73,671/-രൂപയിൽ 68,18,141/-രൂപ മാത്രമാണ് (32%) തൻവർഷം ചെലവഴിക്കാനായത്.

ഗ്രാമപഞ്ചായത്ത് ആകെ പദ്ധതിയടങ്കലിന്റെ 50 ശതമാനം പോലും ചെലവഴിച്ചില്ല. പ്രോജക്ട് നിർവ്വഹണത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തി, തീരദേശ ഗ്രാമപഞ്ചായത്തിന്റെ വികസനത്തിനായുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | *20816 | 951540 | 972356 | 635567 | 336789* |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 18149320 | 18149320 | 18149320 | 0 |
| ആകെ | 20816 | 19100860 | 19121676 | 18784887 | 336789 |

*1000/- രൂപ നൂറ് തൊഴിൽ ദിനം പൂർത്തീകരിച്ചവർക്ക് നൽകിയ തുകയിൽ 2018-19 വർഷം തിരികെ ലഭിച്ചത്.

<u>ഗ്രാമ പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.</u>

(അവലംബം - ഓഡിറ്റ് എൻക്വയറി നമ്പർ 13/09.08.2021ന്റെ മറുപടി)

| | |
|---|---|
| ആകെ വാർഡുകളുടെ എണ്ണം | 14 |
| ഗ്രാമപഞ്ചായത്തിലെ ആകെ കുടുംബങ്ങളുടെ എണ്ണം | 23614 |
| തൊഴിലുറപ്പ് പദ്ധതിക്കായി രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 2850 |
| തൻവർഷം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം | 1295 |
| തൻവർഷം 100 ദിവസം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം | 109 |
| ഒരു കുടുംബത്തിന് തൻവർഷത്തിൽ നൽകിയ തൊഴിൽ ദിനങ്ങളുടെ ശരാശരി | 48.3 |
| ഷെൽഫ് ഓഫ് പ്രൊജക്ട് പ്രകാരം തൻവർഷത്തെ പദ്ധതികളുടെ എണ്ണം | 762 |
| വകയിരുത്തിയ തുക | 104592000 |
| നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | 394 |
| കൂലിയിനത്തിലെ ചെലവ് | 17262000 |
| കൂലിയിതരയിനത്തിലെ ചെലവ് | 155000 |
| ലേബർ ബജറ്റ് പ്രകാരമുള്ള ആകെ വരവ് | 19121676 |
| ലേബർ ബജറ്റ് പ്രകാരമുള്ള ആകെ ചെലവ് | 18784887 |

തൊഴിലുറപ്പ് പദ്ധതി നിയമം 2005 ഖണ്ഡിക 6.1.10 പ്രകാരം ആസ്തി സൃഷ്ടിക്കുന്നതിനുവേണ്ടി തയ്യാറാക്കപ്പെട്ട പദ്ധതികളുടെ തുടർ നടപടിക്രമങ്ങൾ ഗ്രാമസഭയിൽ വച്ച് അംഗീകരിക്കണമെന്നുണ്ട്. എന്നാൽ, തൊഴുത്ത് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം, വ്യക്തിഗത കിണർ നിർമ്മാണം മുതലായ പ്രവൃത്തികൾ ഗ്രാമസഭയിൽവച്ച് അംഗീകാരം വാങ്ങിയിട്ടില്ല.

വിശദീകരണമാവശ്യപ്പെട്ട് നഷകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 44/ 16.08.2021) മറുപടി ലഭ്യമാക്കിയില്ല. നിയമം അനുശാസിക്കുംപ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 58800 | 57 |
| കർഷകതൊഴിലാളി പെൻഷൻ | 18000 | 6 |
| വിധവാപെൻഷൻ | 2686800 | 867 |
| വാർദ്ധക്യകാലപെൻഷൻ | 5384100 | 1698 |
| വികലാംഗപെൻഷൻ | 1193000 | 352 |
| വിവാഹധനസഹായം | 90000 | 3 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ളപെൻഷൻ | 106200 | 32 |

## 1-7-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ നൽകി- 32,800/- രൂപ സർക്കാരിന് നഷ്ടം

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2019-20 മരണറിപ്പോർട്ടിലെ പെൻഷൻ ഐ ഡി/ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്ത കാലയളവ് | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| വിൻസന്റ് ജെ | 102410201835 | വാർദ്ധക്യ കാലം | 10.2.2019 | സസ്പെന്റ് | 02/19,03/19, 04/19<br>1100x2<br>122x1 | 3400/- |
| അന്തോണീസ് | 102410200581 | വാർദ്ധക്യ കാലം | 6.5.2019 | ആക്ടീവ് | 5/19,6/19,7/19<br>122x3 | 3600/- |
| മേമ (മേരി) | 102410600787 | വിധവ | 12.12.2019 | സസ്പെന്റ് | 12/19മുതൽ 11/20വരെ (പ്രതിമാസം 600/വീതം ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്) | 7200/- |
| ശശി | 102410201318 | വാർദ്ധക്യ കാലം | 17.1.20 | സസ്പെന്റ് | 1/20 മുതൽ 4/20 വരെ<br>1200x3, 1300x1 | 4900/- |
| ഫിലോമിന | 102410201590 | വാർദ്ധക്യ കാലം | 8.1.20 | സസ്പെന്റ് | 1/20 മുതൽ 4/20 വരെ | 2400/- |
| ആന്റണി ജോസഫ് | 102410202202 | വാർദ്ധക്യ കാലം | 23.2.20 | ആക്ടീവ് | 2/20 മുതൽ 9/20 വരെ 'Deceased' എന്നു കാണിച്ച് പെൻഷൻ കൊടുത്തിട്ടില്ല.<br>എന്നാൽ 10/20, 11/20 മാസങ്ങളിൽ 2800/-രൂപ നേരിട്ട് കൈപ്പറ്റി യിരിക്കുന്നു.<br>6/21മുതൽ 8/21 വരെ 4800/-രൂപ സഹകരണ ബാങ്കിന് കൈമാറി യിരിക്കുന്നു. 1400x2,1600x3 | 7600/- |
| ആഗ്നസ് രാജു | 102410200693 | വാർദ്ധക്യ കാലം | 25.2.20 | സസ്പെന്റ് | 2/20, 3/20, 4/20 | 3700/- |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 1200x2<br>1300x1 | |
| | | | | | ആകെ | 32800/- |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2019-20 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. 2020-21വർഷവും മേൽ അപാകത സംഭവിച്ചിട്ടുണ്ട്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.36 തീയതി 13.8.21 ന് മറുപടിയായി മരണശേഷം നൽകിയ പെൻഷൻ തുകകൾ തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്ന് അറിയിച്ചിട്ടുണ്ട്. ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മൂഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ അനർഹമായി നൽകിയ 32,800/- രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 1-7-2 സാമൂഹ്യ സുരക്ഷാ പെൻഷൻ - ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2019-20 മരണറിപ്പോർട്ടിലെ പെൻഷൻ ഐ.ഡി/ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കളെ മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് കാണുന്നു. മസ്റ്ററിംഗ് പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ പെൻഷൻ തടഞ്ഞു വച്ചിരിക്കുന്നു എന്നാണ് രേഖപ്പെടുത്തിയരിക്കുന്നത്.

| No | Name | Pension ID | Aadhar | Date Of Death | Current Status |
|---|---|---|---|---|---|
| 1 | Haridas | 102410201910 | 390348930538 | 15.12.18 | Active |
| 2 | Jespy | 102410201744 | 224622626395 | 19.12.18 | Active |
| 3 | Clery | 102410600204 | 815497391562 | 29.12.18 | Active |
| 4 | Thilothama | 102410201499 | 859863868880 | 31.1.19 | Active |
| 5 | Albert | 102410200858 | 564719792958 | 15.2.19 | Active |
| 6 | Poulin | 102410600302 | 652026475883 | 4.2.19 | Active |
| 7 | Uvency | 102410600462 | 580285296176 | 19.4.19 | Active |
| 8 | Poulose | 102410200465 | 667319924711 | 30.4.19 | Active |
| 9 | Thambikutty | 102410200039 | 810914645976 | 6.12.19 | Active |
| 10 | Rajamma | 102410201381 | 640080326715 | 17.6.19 | Active |
| 11 | Mery | 102410200408 | 415958264660 | 25.6.19 | Active |
| 12 | Sathyabhama | 102410202054 | 497450406392 | 22.7.19 | Active |
| 13 | HeljinPerara | 102410201091 | 704135982360 | 30.7.19 | Active |
| 14 | Shankari | 102410201553 | 940235003995 | 8.8.19 | Active |
| 15 | Stellus | 102410200288 | 804141698137 | 14.8.19 | Active |
| 16 | Bhamini | 102410201286 | 722461489835 | 27.7.19 | Active |
| 17 | Vasavan | 102410201023 | 994650400875 | 28.8.19 | Active |
| 18 | Ouseph | 102410200218 | 882060750170 | 30.8.19 | Active |
| 19 | Adima | 102410200872 | 482060731949 | 19.8.19 | Active |
| 20 | Gilbert | 102410200582 | 925226174327 | 30.8.19 | Active |
| 21 | Vincent | 102410201310 | 532690418826 | 14.9.19 | Active |
| 22 | Stella | 102410200994 | 743350679126 | 22.9.19 | Active |
| 23 | Alphonsia | 102410200590 | 471732979120 | 17.9.19 | Active |
| 24 | Joseph | 102410201660 | 509961280133 | 20.9.19 | Active |

| | | | | | |
|---|---|---|---|---|---|
| 25 | Sarojini | 102410200903 | 602205798964 | 28.9.19 | Active |
| 26 | Pelsiyan | 102410200248 | 452190707011 | 19.9.19 | Active |
| 27 | Ravi | 102410200917 | 893705736077 | 6.10.19 | Active |
| 28 | Ambika | 102410200892 | 944451254454 | 3.10.19 | Active |
| 29 | Yesudas | 102410201056 | 419102714759 | 1.11.19 | Active |
| 30 | Vargeese | 102410201217 | 541930897486 | 13.11.19 | Active |

ധനകാര്യവകുപ്പിന്റെ 26.7.18 ലെ സർക്കുലർ നമ്പർ 69/18ൽ മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്യുന്നവരുടേയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടേയും ആശാവർക്കർമാരുടേയും സഹായത്തോടെ ശേഖരിച്ച് അതാത് മാസം തന്നെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, പെൻഷൻ വിതരണം ചെയ്യുന്ന സഹകരണസ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തിനെ അറിയിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യേണ്ടത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടേയും സെക്ഷൻ ക്ലർക്കിന്റേയും ചുമതലയാണ്. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണം നം 35 തീ 13.8.21 ന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത പെൻഷൻ അക്കൗണ്ടുകൾ സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്ന് അറിയിച്ചിട്ടുണ്ട്. അനർഹരെ എത്രയും പെട്ടെന്ന് പെൻഷൻ ഡാറ്റാബേസിൽ നിന്നും സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.08.2021, 4PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7152/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

സ്ഥാപനതലത്തിൽ ബാധകമായ നിയമങ്ങളും നിയന്ത്രണ നിർദ്ദേശങ്ങളും ഏറെക്കുറെ പാലിക്കപ്പെടുന്നുണ്ട്. ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചയുണ്ട്. വസ്തു നികുതി നിർണ്ണയം, ഈടാക്കൽ എന്നിവയിലെ അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തെരുവ് വിളക്കുകളുടെ പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ അനിവാര്യമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.01.2021 മുതൽ 25.01.2021 വരെ | 09/2020 മുതൽ 12/2020 വരെ | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 9-10-2018 | 2008-09 മുതൽ 2012-13 വരെ | 4-1-2019 |

## 1-11 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

2019-20 വർഷത്തെ രസീത് ബുക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)രസീത് ബുക്ക് നം.62032-ലെ ക്രമനം.1 മുതൽ 5 വരെയുള്ള രസീതുകൾ രസീത് ബുക്കിൽ സൂക്ഷിച്ചിട്ടില്ല.

2)ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന ജീവനക്കാർക്ക് അനുവദിച്ച് നൽകിയ രസീത് ബുക്കുകളുടെ ഔട്ട് ഡോർ കളക്ഷൻ രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| രസീത് ബുക്ക് നമ്പർ | കൈപ്പറ്റിയ ജീവനക്കാരന്റെ പേര് |
|---|---|
| 28442 | ഷിജുലാൽ,ക്ലർക്ക് |
| 28445 | ഷിബു , ക്ലർക്ക് |
| 62027 | ശ്രീഹരി, ക്ലർക്ക് |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 38/13.08.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രസീതുകളിലെ മേൽ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 വസ്തു നികുതി - അപാകങ്ങൾ

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A)കെട്ടിടങ്ങളുടെ വസ്തു നികുതി നിർണയം നടത്തിയില്ല

സഞ്ചയ സോഫ്റ്റ്‌വെയറിൽ 2,3,4 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവരെ ഡിമാന്റ് ചെയ്തിട്ടില്ല.

| ക്രമ നം. | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 4/7 | ഷാളറ്റ് | പാർപ്പിടം | 86 $M^2$ |
| 2 | 4/75 | ജയലാൽ | പാർപ്പിടം | 80 $M^2$ |
| 3 | 4/188 | സിർള വിൽഫ്രഡ് | പാർപ്പിടം | 70 $M^2$ |
| 4 | 4/244 A | ആർ. ജയദാസ് | പാർപ്പിടം | 70 $M^2$ |
| 5 | 4/279 | ശശിധരൻ | പാർപ്പിടം | 90 $M^2$ |
| 6 | 4/342 | ഓസ്കർ | പാർപ്പിടം | 70 $M^2$ |
| 7 | 3/177 | അനിൽകുമാർ | പാർപ്പിടം | 72 $M^2$ |
| 8 | 3/196 | ലൈല റോബർട്ട് | പാർപ്പിടം | 72 $M^2$ |
| 9 | 2/48 | ജലജ കുമാരി.എൻ | പാർപ്പിടം | 64 $M^2$ |
| 10 | 2/53 | കെ.പി.സദാനന്ദൻ | പാർപ്പിടം | 66 $M^2$ |
| 11 | 2/88 | ഗോപാലൻ | പാർപ്പിടം | 88 $M^2$ |
| 12 | 2/109 | സന്ധ്യ | പാർപ്പിടം | 72 $M^2$ |

B)നികുതി ഇളവിന്റെ വിശദാംശം രേഖപ്പെടുത്തുന്നില്ല

പതിനാലാം വാർഡ് മാത്രം പരിശോധിച്ചതിൽ, വസ്തു നികുതി ഡിമാന്റ് ചെയ്യാത്ത 116 കെട്ടിടങ്ങളിൽ(നികുതി തുക പൂജ്യം), 8 കെട്ടിടങ്ങളുടെ ഇളവ് വിവരം മാത്രമാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ബാക്കിയുള്ള 108 കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയതിന്റെ കാരണം വ്യക്തമല്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം |
|---|---|---|---|
| 1 | 14/211 | ജോസഫ് (ജീവ നിവാസ്,അഞ്ചുതെങ്ങ് | പാർപ്പിടം |
| 2 | 14/135 | യേശുദാസ് ട്രീസ (കൊച്ചുകിണറ്റിൻമൂട് | പാർപ്പിടം |
| 3 | 14/6 | ലോറൻസ്,പള്ളിപുരയിടം,അഞ്ചുതെങ്ങ്, | പാർപ്പിടം |
| 4 | 14/7 | ഫിലോമിന ലീനസ്,പള്ളിപുരയിടം,മാമ്പള്ളി | പാർപ്പിടം |
| 5 | 14/9 | ബിന്ദു (പുതുവൽ പുരയിടം,മാമ്പള്ളി | പാർപ്പിടം |
| 6 | 14/10 | ബിന്ദു റൈറ്റസ് (പുതുമണൽ പുരയിടം | പാർപ്പിടം |
| 7 | 14/11 | ദാസൻ (പുതുമണൽ പുരയിടം | പാർപ്പിടം |
| 8 | 14/13 | അംബ്രോസ് (പുതുമണൽ പുരയിടം, | പാർപ്പിടം |

| | | | |
|---|---|---|---|
| 9 | 14/14 | നിർമ്മല വർഗ്ഗീസ് (പുതുമണൽ പുരയിടം | പാർപ്പിടം |
| 10 | 14/15 | കാർമ്മൽ (പുതുമണൽപുരയിടം,മാമ്പള്ളി | പാർപ്പിടം |

C)നികുതി നിർണയം നടത്താതെ വസ്തു നികുതി പിരിച്ചെടുത്തു

സഞ്ചയ സോഫ്റ്റ്‌വെയറിൽ 5,6,7 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല. എന്നാൽ പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി പിരിച്ചെടുത്തതായും അഡ്വാൻസ് ഇനത്തിൽ തുക നിലനിൽക്കുന്നതായും കാണുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം | നാളിതുവരെ പിരിച്ചെടുത്ത തുക |
|---|---|---|---|---|---|
| 1 | 5/146 | ബേബി | പാർപ്പിടം | 90 $M^2$ | 1040/- |
| 2 | 5/314 | ഫെൽസിക്കുട്ടി | പാർപ്പിടം | 48 $M^2$ | 819/- |
| 3 | 5/249 | സജൻ & റിൻസി | പാർപ്പിടം | 45 $M^2$ | 567/- |
| 4 | 5/391 | ചിത്രാംഗദൻ | പാർപ്പിടം | 48 $M^2$ | 304/- |
| 5 | 6/470 | ബി.എൻ.സുനിൽരാജ് | പാർപ്പിടം | 35 $M^2$ | 609/- |
| 6 | 7/233 | റീത്ത യേശുദാസൻ | പാർപ്പിടം | 50 $M^2$ | 1601/- |
| 7 | 7/389 | ശിവദാസൻ | പാർപ്പിടം | 50 $M^2$ | 790/- |
| 8 | 7/30 | ജോസഫ് മാത്യു | പാർപ്പിടം | 40 $M^2$ | 693/- |

D)കെട്ടിടങ്ങളെ നികുതി നിർണ്ണയ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം12(1) പ്രകാരം ഗ്രാമപഞ്ചായത്തിലെ എല്ലാ കെട്ടിടങ്ങളുടെ വിവരം നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയറിൽ 4-ാം വാർഡ് മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന നമ്പരുകളിലെ കെട്ടിടങ്ങളുടെ വിവരം അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| Missing From | Missing To | Missing Total | Missing From | Missing To | Missing Total |
|---|---|---|---|---|---|
| 11 | 11 | 1 | 184 | 185 | 2 |
| 34 | 34 | 1 | 189 | 189 | 1 |
| 40 | 41 | 2 | 225 | 225 | 1 |
| 65 | 65 | 1 | 231 | 231 | 1 |
| 79 | 79 | 1 | 234 | 234 | 1 |
| 83 | 83 | 1 | 267 | 267 | 1 |
| 105 | 105 | 1 | 288 | 288 | 1 |
| 117 | 117 | 1 | 297 | 298 | 2 |
| 124 | 124 | 1 | 300 | 301 | 2 |
| 131 | 131 | 1 | 303 | 303 | 1 |
| 139 | 139 | 1 | 309 | 310 | 2 |
| 143 | 143 | 1 | 331 | 331 | 1 |
| 145 | 146 | 2 | 341 | 341 | 1 |
| 152 | 152 | 1 | 345 | 345 | 1 |
| 158 | 158 | 1 | 352 | 353 | 2 |
| 168 | 168 | 1 | 367 | 368 | 2 |
| 179 | 179 | 1 | 372 | 372 | 1 |
| Total | | | | | 42 |

E)നികുതി, ഉപനികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി പിരിവ്

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജ്)ചട്ടങ്ങൾ പ്രകാരം നികുതി, ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയതായി സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ള താഴെപ്പറയുന്ന കെട്ടിടത്തിൽ നിന്നും ഡിമാന്റില്ലാതെ വസ്തു നികുതി പിരിച്ചെടുത്തതായും അഡ്വാൻസ് ഇനത്തിൽ തുക നിലനിൽക്കുന്നതായും കാണുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിട വിസ്തീർണ്ണം | നാളിതുവരെ പിരിച്ചെടുത്ത തുക |
|---|---|---|---|---|
| 1 | 7/277 | സിസിലി | 45.24 $M^2$ | 496/- |
| 2 | 6/360 | ഫ്രെഡി | 30 $M^2$ | 228/- |
| 3 | 11/114 | മാർട്ടിൻ | 24 $M^2$ | 125/- |
| 4 | 13/6 | ബ്രിജിത് | 35 $M^2$ | 148/- |

F)ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 21(2)(ബി) പ്രകാരം, ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് കണക്കാക്കുന്നത്, കെട്ടിട ഉടമ നൽകുന്ന അപേക്ഷയുടെ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടക്കുന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതലാണ്. എന്നാൽ മേൽ ചട്ടം പാലിക്കാതെ കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫയൽ നമ്പർ | കെട്ടിട നമ്പർ | കെട്ടിട ഉടമ | അപേക്ഷ തീയതി | നികുതി ഒഴിവാക്കിയ കാലയളവ് |
|---|---|---|---|---|---|
| 1 | B3/253/19 | 7/185/ | ജോസഫ് | 21/01/2019 | 01.10.2018 മുതൽ 31.03.2019 വരെ |
| 2 | B1-1566/2019(1) | 8/180/ | ജസീന്ത | 12/03/2020 | 01.10.2019 മുതൽ 31.03.2020 വരെ |
| 3 | B1-1566/2019(2) | 8/181/ | ജസീന്ത | 12/03/2020 | 01.10.2019 മുതൽ 31.03.2020 വരെ |
| 4 | B1-1566/2019(3) | 8/182/ | ജസീന്ത | 12/03/2020 | 01.10.2019 മുതൽ 31.03.2020 വരെ |
| 5 | B1-1566/2019(4) | 8/186/ | ജസീന്ത | 12/03/2020 | 01.10.2019 മുതൽ 31.03.2020 വരെ |

G)അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ (എം.എസ്). 358/15/തസ്വഭവ തീ. 16.12.2015 എന്നിവ പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായും പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇളവിനായി ഓരോ പഞ്ചവർഷ അസ്സസ്മെന്റ് കാലയളവിലേയ്ക്കും കെട്ടിട ഉടമകളിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം വാങ്ങി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല എന്ന് സഞ്ചയ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള 125 കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയിട്ടുണ്ട്.

| ക്രമ നം. | വാർഡ് | കെട്ടിട നമ്പർ | സബ് നം. | ഉടമസ്ഥന്റെ വിവരം | വിസ്തീർണം |
|---|---|---|---|---|---|
| 1 | 2 | 2 | A | ഭാസുരാദേവി (ശിവശക്തി,മണ്ണാന്റമൂല, നെടുങ്ങണ്ട പി ഒ, | 47.58 |
| 2 | 2 | 29 | B | രോഹിണി (ശോഭനം,ചെറുകോണം, നെടുങ്ങണ്ട പി ഒ | 28.3 |

| | | | | | |
|---|---|---|---|---|---|
| 3 | 2 | 138 | B | പ്രഭ (ശശിവിലാസം,നെടുങ്ങണ്ട, നെടുങ്ങണ്ട പി ഒ, | 39.9 |
| 4 | 2 | 297 | A | സജി (ഋതു ഭവൻ,കൈമുണ്ടൻ വിളാകം, നെടുങ്ങണ്ട പി ഒ, | 40.6 |
| 5 | 2 | 298 | A | ശ്രീരമ(കൊച്ചുവീട്,നെടുങ്ങണ്ട, നെടുങ്ങണ്ട പി ഒ, | 39.5 |
| 6 | 3 | 128 | A | പൊന്നമ്മ (ബെതലെഹേം ഹൗസ്, കൊവിൽതോട്ടം,കായിക്കര പി ഒ, | 41.92 |
| 7 | 3 | 134 | A | തങ്കമണി (കളിവീട് നിവാസ്, തൈക്കുട്ടം,അഞ്ചുതെങ്ങ് പി ഒ, | 50.04 |
| 8 | 3 | 144 | B | ഫെലിക്സ് ഡിക്രൂസ്(കോവില് തോട്ടം, കായിക്കര,അഞ്ചുതെങ്ങ് പി ഒ, | 12.6 |
| 9 | 3 | 144 | C | വിജയകുമാർ (വൃന്ദാവനം,കോവിൽത്തോട്ടം, കായിക്കര പി ഒ, | 53 |
| 10 | 4 | 35 | A | പ്രാഞ്ചിസമ്മ (സതീഷ് ഹൗസ്, നല്ലാംതിട്ട,കായിക്കര പി ഒ, | 39 |
| 11 | 4 | 35 | B | വിജിമോൻ,മിനി (എസ്.ആർ.ജെ.ഹൌസ്, നല്ലാംതിട്ട,മാമ്പള്ളി,അഞ്ചുതെങ്ങ് | 50.24 |
| 12 | 4 | 59 | A | ജോസഫ് & മേരി (ബെതലഹേം ഹൗസ്,നല്ലാംതിട്ട, മാമ്പള്ളി,അഞ്ചുതെങ്ങ് | 51.48 |
| 13 | 4 | 63 | C | ജെറാൽഡ് (ഇമ്മാനുവൽ ഹൌസ്, നല്ലാതിട്ട,അഞ്ചുതെങ്ങ് പിശൈലജ | 47.88 |
| 14 | 4 | 63 | D | റെച്ചൻസ് (രാജിഹൌസ്,നല്ലാംതിട്ട, മാമ്പള്ളി, അഞ്ചുതെങ്ങ് | 47.04 |
| 15 | 4 | 63 | E | ഗിൽബെർട്ട് & മാർഗ്രെറ്റ് (ഗിൽബെർട്ട് ഭവൻ,നല്ലംതിട്ട, കായിക്കര പി ഒ | 47 |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.1 മുതൽ 7 വരെ/09.08.2021)ലഭിച്ച മറുപടിയിൽ അപാകങ്ങൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അപാകങ്ങൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകങ്ങൾ

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഓ (പി).നം.80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ.നം.674/2017 വിജ്ഞാപനം) പ്രകാരം മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ ലൈസൻസിനായി സമർപ്പിച്ച എല്ലാ അപേക്ഷകളോടൊപ്പവും അപേക്ഷയുടെ അന്വേഷണ റിപ്പോർട്ടിലും മേൽ വിവരങ്ങൾ ഉൾപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീ ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. 2019-20 വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തി.

1)ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല. 2019-20 വർഷത്തെ ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെട്ട താഴെപ്പറയുന്ന സ്ഥാപനങ്ങളെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | വാർഡ് നം. | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | VIII/399 | പ്രദീപ് കുമാർ | ലെയ്ത്ത് വർക്ക് |
| 2 | II/198 | വിജയരാജ് | പച്ചക്കറി |
| 3 | IX/110 | ജാക്സൻ | പലചരക്ക് കട |
| 4 | VI/246 | എഡിസൺ | ഫർണീച്ചർ |
| 5 | VII/41 | ബിപിൻ വർഗ്ഗീസ് | പുളി വ്യാപാരം |

ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കാത്തതിനാൽ പഞ്ചായത്തിൽ നിലവിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ യഥാസമയം ലൈസൻസ് പുതുക്കുന്നുണ്ടോയെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2)ലൈസൻസ് പുതുക്കി നൽകിയിട്ടില്ല

ലഭ്യമാക്കിയ ട്രേഡേഴ്സ് ലിസ്റ്റിലെ 1,2,3 എന്നീ വാർഡുകളിലെ സ്ഥാപനങ്ങൾ മാത്രം പരിശോധിച്ചതിൽ ചുവടെപ്പറയുന്ന സ്ഥാപനങ്ങൾക്ക് 2019-20 വർഷം ലൈസൻസ് പുതുക്കി നൽകിയിട്ടില്ല.

| ക്രമ നം. | വാർഡ് | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | 1/19 | ഫ്രെഡി | സ്റ്റേഷനറി |
| 2 | 1/169 | ചന്ദ്രൻ | സ്റ്റേഷനറി |
| 3 | 1/170 | ചന്ദ്രൻ | ഫ്ലവർമിൽ |
| 4 | 1/281,282 | സജീവ് | സ്റ്റേഷനറി |
| 5 | 2/322 | വിമൽരാജ് | തുണിക്കച്ചവടം |
| 6 | 3/40 | പത്മരാജ് | പലചരക്ക് കട |
| 7 | 3/225 | വിജു | സ്റ്റേഷനറി |
| 8 | 3/323 | വീണ സുനു | ഫാൻസി |
| 9 | 3/252 | ഷൈലജ | പലവ്യഞ്ജനം |
| 10 | 3/225 B | റീന | തയ്യൽക്കട |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.32/12.08.2021ന് മറുപടിയിൽ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ലൈസൻസ് ഫീസിന്റെ നിർണ്ണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പൊതുജനങ്ങൾക്ക് അപകടം ഉണ്ടാകുന്ന തരത്തിലും മലിനീകരണം ഉണ്ടാകുന്ന തരത്തിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്ത് പരിധിയിയിൽ നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-14 റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2019-20 വർഷത്തേയ്ക്ക് FTEAOS ലൈസൻസ് അനുവദിച്ചുനൽകിയിട്ടില്ല. കൂടാതെ റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ എ.എസ്.എ9/764/2019-ാം നമ്പർ കത്തിൽ ലൈസൻസ് തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിൽ നിന്നും റേഷൻകടകളെ ഒഴിവാക്കാൻ സാധിക്കില്ല എന്ന സ്പഷ്ടീകരണം ലഭിച്ചിട്ടുണ്ട്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 25/11.08.2021 ന് ലഭിച്ച മറുപടിയിൽ ലൈസൻസ് നൽകുന്നതിനും തൊഴിൽ നികുതിഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട് . ഗ്രാമപഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2019-20 വർഷം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.25/11.08.2021 ന് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കൂടുതൽ ജോലി ചെയ്ത കരാറുകാർ മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി ഒടുക്കാത്തപക്ഷം നികുതി ഈടാക്കേണ്ടതാണ്.

## 1-16 പ്രൊക്യൂർമെന്റ് മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചില്ല

സ.ഉ.(പി) നം. 259/2010/തസ്വഭവ തീയതി 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.

എ)വാങ്ങേണ്ടിവരുന്ന സാധനങ്ങളുടെ മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമമനുസരിച്ച് സമാഹരണ നടപടി ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്. ചെലവുകൾക്കായി ബജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമുണ്ട്. ഇപ്രകാരമുള്ള ഒരു സമാഹരണ പദ്ധതി ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല.

ബി) വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതലയുള്ള പ്രൊക്യുർമെന്റ് ടീം രൂപീകരിച്ചിട്ടില്ല.

സി)ഗ്രാമപഞ്ചായത്തിലെ പ്രൊക്യുർമെന്റ് കമ്മിറ്റി 2019-20 വർഷത്തേക്കുള്ള വാങ്ങലുകൾക്കായി 22.10.2019ൽ ഒരു ദിവസം മാത്രമാണ് യോഗം കൂടിയിട്ടുള്ളത്. പ്രസ്തുത യോഗത്തിൽ അങ്കണവാടികൾക്ക് വെയിംഗ് മെഷീൻ വാങ്ങൽ, സാനിട്ടറി നാപ്കിൻ വെൻഡിംഗ് മെഷീൻ വാങ്ങൽ, മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ, AMGLPSന് പബ്ലിക് അഡ്രസ് സിസ്റ്റം, വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ, വൃദ്ധജനങ്ങൾക്ക് കട്ടിൽ(SCP) എന്നിവ നടപ്പാക്കിയത് സാധൂകരിക്കുകയും മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ, പഞ്ചായത്ത് ഓഫീസ് നവീകരണം, കായികവികസനം, ഭിന്നശേഷിക്കാരുടെ ഗ്രാമപഞ്ചായത്ത് തല കായികമേള ട്രോഫികൾ എന്നിവയ്ക്കായി വിവിധ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുന്നതിന് അനുമതി നൽകുകയും ചെയ്തു. പാലിയേറ്റീവ് രോഗികൾക്കുള്ള മരുന്നുകൾ, ആയുർവേദം, ഹോമിയോ മരുന്നുകൾ, ഹോമിയോ ഡിസ്പെൻസറിക്ക് ഫർണിച്ചർ വാങ്ങൽ എന്നിവയിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി ഇടപെട്ടിട്ടില്ല.
സർക്കാർ അംഗീകൃത ഏജൻസികളിൽനിന്നും നേരിട്ട് വാങ്ങുന്നതിനാലാണ് മരുന്ന് വാങ്ങൽ പ്രോജക്ടിൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങാത്തതെന്നും ഫർണിച്ചർ വാങ്ങൽ പ്രോജക്ട് ഭരണസമിതിയുടെ അംഗീകാരത്തോടെയാണ് നടപ്പാക്കിയതെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 27/11.08.21ന്റെ മറുപടി).

വാങ്ങൽ പ്രക്രിയയിൽ പ്രൊക്യൂർമെന്റ് മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ 3-ാം ചട്ടപ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം, ഗ്രാമപഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാമെന്നുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല (ഓഡിറ്റ് എൻക്വയറി നമ്പർ 12/09.08.2021ന്റെ മറുപടി). തീരദേശ പ്രദേശമായ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയുണ്ട്. പ്രസ്തുത വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-18 ഓഡിറ്റ് - തുടർ നടപടികൾ

2004-05 മുതൽ 2017-18 വരെയുള്ള 12ഓഡിറ്റ് റിപ്പോർട്ടുകളിലായി 91 ഖണ്ഡികകൾ തീർപ്പാക്കാനവശേഷിക്കുന്നു.

ലഭ്യമാക്കിയ ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്ററിൽ പൂർണമായ രേഖപ്പെടുത്തലില്ല. ഓരോ വർഷവും തീർപ്പാക്കിയ ഖണ്ഡികകളുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല.(ഉദാഹരണം 2011-12).

2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് കെ.എസ്.എ.റ്റി.വി.എം./ജി.പി.8/491/2020തീയതി 19.05.2020പ്രകാരം പുറപ്പെടുവിച്ചിരുന്നു. കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 15(1), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ 23(1)-ാം ചട്ടം എന്നിവ പ്രകാരം ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന ന്യൂനതകൾ പരിഹരിച്ച് 2 മാസത്തിനുള്ളിൽ ആദ്യ മറുപടി സമർപ്പിക്കേണ്ടതായിരുന്നു. യഥാസമയം ആദ്യ മറുപടി ലഭ്യമാക്കാത്തതിനാൽ 19.11.20ൽ അനന്തര റിപ്പോർട്ട് പുറപ്പെടുവിച്ചിരുന്നു. നാളിതുവരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

ചട്ടങ്ങളും നിയമങ്ങളും അനുസരിച്ച് ഓഡിറ്റ് റിപ്പോർട്ടുകളിലെ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 ഗ്രാമസഭ - അവലോകനം

ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലും മൂന്ന് തവണ വീതം ഗ്രാമസഭകൾ സമ്മേളിച്ചിട്ടുണ്ട്. ഇതിൽ മത്സ്യ സഭയും ഉൾപ്പെടുന്നു. 2019-20 വർഷത്തെ വരവ് -ചെലവ് കണക്ക് അംഗീകരിക്കൽ, വിവിധ പദ്ധതികളിലേക്കുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുക്കൽ, 2020-21 ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കൽ, ബ്ലോക്ക് പഞ്ചായത്തുകളിലേക്കുള്ള ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കൽ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആക്ഷൻ പ്ലാൻ അംഗീകരിക്കൽ, ദുരന്തനിവാരണ പദ്ധതി, 2020-21 വാർഷിക പദ്ധതി രൂപീകരണം എന്നിവയാണ് ഗ്രാമസഭകളിലെ പ്രധാന അജണ്ടകൾ.
അധികാരവികേന്ദ്രീകരണത്തിൽ ഗ്രാമസഭകൾക്ക് പഞ്ചായത്ത് ഭരണനിർവ്വഹണത്തിന്റെ എല്ലാ ഘട്ടങ്ങളിലും ഇടപെടലുകളും നിർദ്ദേശങ്ങളും നൽകാമെന്നിരിക്കെ പദ്ധതി നിർദ്ദേശങ്ങൾ നൽകുന്നതിലേക്കും ഗുണഭോക്തൃ തിരഞ്ഞെടുപ്പിലും മാത്രമായി ഗ്രാമസഭാപ്രവർത്തനങ്ങൾ ഒതുങ്ങിപ്പോകുന്നു. പദ്ധതി നിർവ്വഹണഘട്ടത്തിലും പൂർത്തീകരിച്ചതിനു ശേഷവുമുള്ള കാര്യങ്ങൾ

പരശോധിക്കപ്പെടേണ്ടതും സ്വതന്ത്രവും നിഷ്പക്ഷവുമായ വിലയിരുത്തലുകൾ ഉണ്ടാകേണ്ടതുമാണ്.

ഗ്രാമസഭകളിൽ ഓഡിറ്റ് റിപ്പോർട്ടുകൾ ചർച്ച ചെയ്യപ്പെടുന്നില്ല. ഗ്രാമസഭകളിലേയ്ക്ക് ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്. എന്നാൽ അതുണ്ടായിട്ടില്ല. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 സ്കൂളുകൾക്ക് ലാപ് ടോപ്പ് വാങ്ങൽ - ഫൈനൽ ബിൽ ലഭ്യമല്ല

| | |
|---|---|
| പദ്ധതിയുടെ പേര് | സ്കൂളുകൾക്ക് ലാപ് ടോപ്പ് വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ് കായിക്കര എൽ പി എസ് |
| പ്രോജക്ട് നമ്പർ | 170/20 |
| അടങ്കൽ | 100000<br>വികസനഫണ്ട് പൊതുവിഭാഗം |
| ചെലവ് | 83536 |
| ബിൽ നമ്പർ | 12/19-20 |

അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിലെ എൽ പി സ്കൂളുകൾക്ക് 3 ലാപ് ടോപ്പും ഒരു പ്രിന്ററും വാങ്ങുന്നതിനായി കെൽട്രോൺ ഹാജരാക്കിയ'Proforma Invoice' പ്രകാരം 83536/-രൂപ (ലാപ് ടോപ്പിന് 68685രൂപയും പ്രിന്ററിന് 14851 രൂപയും) നൽകിയിട്ടുണ്ട്. കെൽട്രോൺ ലഭ്യമാക്കിയ പ്രിന്ററിന്റെ ഫൈനൽ ബിൽ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ലാപ് ടോപ്പിന്റെ ഫൈനൽ ബിൽ ഫയലിൽ ലഭ്യമല്ല. ഫയലിൽ ലഭ്യമായ ലെനോവ കമ്പനിയുടെ 'Tax Invoice'പ്രകാരം 65490/- രൂപയാണ് ലാപ് ടോപ്പിന്റെ വില. Proforma Invoice അടിസ്ഥാനമാക്കി തുക നൽകുന്നത് അഭിലഷണീയമല്ലാത്തതിനാൽ ലാപ് ടോപ്പിന്റെ യഥാർത്ഥ വില അറിയുന്നതിനായി കെൽട്രോണിന്റെ ഫൈനൽ ബിൽ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

സ ഉ (സാധാ) നം 3947/2019/പൊ.വി.വ തീ 27.09.2019 പ്രകാരം കെൽട്രോണുമായി വില്പനാനന്തര സേവനങ്ങൾ സംബന്ധിച്ചോ അഞ്ച് വർഷ വാറണ്ടി ഉറപ്പാക്കുന്നതിനായോ കരാറിൽ ഏർപ്പെട്ടിട്ടില്ല. കെൽട്രോണിൽ നിന്നും ഫൈനൽ ബിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം 15 / 10.8.21ന്റെ മറുപടി. ഫൈനൽ ഇൻവോയ്സ് ലഭ്യമായതിനുശേഷം മാത്രമാണ് മുഴുവൻ തുകയും നൽകേണ്ടിയിരുന്നത്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ വാടക – കെട്ടിട ഉടമസ്ഥരുമായി കരാറിൽ ഏർപ്പെടുന്നില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ വാടക |
| പ്രോജക്ട് നമ്പർ | SO162/20 |
| അടങ്കൽ | 50,000<br>(വികസനഫണ്ട്-ജനറൽ) |
| ചെലവ് | 43,500 |
| ബിൽ നമ്പർ | 30, 36/19-20 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി. |

അഞ്ചുതെങ്ങ് സി.എച്ച്.സിയുടെ കായിക്കര, മാമ്പള്ളി ഉപകേന്ദ്രങ്ങളുടെ 2012മുതൽക്കുള്ള വാടക കുടിശ്ശിക അടവാക്കുന്നതിനായി രൂപീകരിച്ച പദ്ധതി പ്രകാരം യഥാക്രമം 27900, 6000രൂപ 2019-20വർഷം ചെലവാക്കിയിട്ടുണ്ട്. എന്നാൽ 2011നു ശേഷം കെട്ടിടങ്ങളുടെ ഉടമസ്ഥരുമായി വാടക കരാർ ചമച്ചിട്ടില്ല. കെട്ടിടത്തിന്റെ വാടക നിശ്ചയിച്ചുതരണമെന്ന് 09.01.2020ന് മെഡിക്കൽ ഓഫീസർ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർക്ക കത്ത്

നൽകിയിട്ടുണ്ടെങ്കിലും തുടർനടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. വാടക കൃത്യമായി നൽകാത്തതിനാലും കരാറിൽ ഏർപ്പെടാത്തതിനാലും കെട്ടിടം ഒഴിയണമെന്ന് മാമ്പള്ളി സെന്ററിന്റെ ഉടമസ്ഥൻ ആവശ്യപ്പെട്ടിട്ടുമുണ്ട്. ജനങ്ങൾക്ക് മെച്ചപ്പെട്ട ആരോഗ്യസേവനം സൗകര്യപ്രദമായ സ്ഥലത്ത് ലഭ്യമാക്കുക എന്ന ലക്ഷ്യമാണ് നടപ്പിലാകാതെ പോകുന്നത്. ഉപകേന്ദ്രങ്ങളുടെ വാടക കുടിശ്ശിക കൃത്യമായി കണക്കാക്കാതെയാണ് പദ്ധതി വിഭാവനം ചെയ്തത്. ആയതിനാൽ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ വാടക കൃത്യമായി നിർണയിച്ച് കെട്ടിട ഉടമസ്ഥരുമായി വാടക കരാർ ചമയ്ക്കുന്നതിനും കൃത്യമായ ഇടവേളകളിൽ വാടക കരാർ പുതുക്കുന്നതിനും വാടക യഥാസമയം അടയ്ക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 8തീയതി 9.8.21 ന് ലഭ്യമാക്കിയ മറുപടിയിൽ കെട്ടിടം വാടകയ്ക്ക് എടുത്ത സമയത്ത് കരാറിൽ ഏർപ്പെട്ടിരുന്നുവെങ്കിലും പിന്നീട് പുതുക്കിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-22 ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വിതരണം -മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം

| | |
|---|---|
| പദ്ധതിയുടെ പേര് | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ഹോമിയോ |
| പ്രോജക്ട് നമ്പർ | 104/20 |
| അടങ്കൽ | 1,50,000<br>മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് | 83,536 |
| ബിൽ നം | 04/19-20. |

ഗ്രാമപഞ്ചായത്തിലെ ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങുന്നതിനായി 1,50,000/-രൂപ 24.6.2019 ൽ ഹോംകോ, ആലപ്പുഴയ്ക്ക് നൽകിയിരുന്നുവെങ്കിലും ഒരു വർഷത്തിനു ശേഷമാണ് മരുന്ന് പൂർണമായും ലഭ്യമായത്. മുൻകൂറായി തുക നൽകിയപ്പോൾ വിതരണസ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 23 തീയതി 11.8.21 ന് മറുപടി ലഭ്യമാക്കിയില്ല. മുൻകൂറായി തുക നൽകുമ്പോൾ വിതരണസ്ഥാപനവുമായി കൃത്യമായ കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 സാന്ത്വനം ചികിത്സാ പദ്ധതി- കുടുംബസംഗമം- മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി കൂടുതൽ തുക ചെലവഴിച്ചു.

| | |
|---|---|
| പദ്ധതിയുടെ പേര് | സാന്ത്വനം ചികിത്സാ പദ്ധതി |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,സി എച്ച് സി |
| പ്രോജക്ട് നമ്പർ | 90/20 |
| അടങ്കൽ | 1334760 |
| ചെലവ് | 1251757 |
| ബിൽ നം | 31/19-20 |

സാന്ത്വനം ചികിത്സാ പദ്ധതിയുടെ ഭാഗമായി നടത്തിയ കുടുംബസംഗമത്തിനായി 11,000/-രൂപ ചെലവാക്കിയിട്ടുണ്ട്. സ.ഉ(സാധാ)നം. 3217/2015 ത.സ്വ.ഭ.വ തീ.29.10.15, സഉ(സാധാ)നം 553/2019 ത.സ്വ.ഭ.വ തീയതി 7.3.2019 എന്നിവ പ്രകാരം കുടുംബസംഗമത്തിൽ പങ്കെടുക്കുന്ന ആളുകളുടെ ഭക്ഷണചെലവിനായി ഒരാൾക്ക് 60 രൂപയും മറ്റ് ചെലവുകൾക്കായി പരമാവധി 3000 രൂപയും ചെലവഴിക്കാം എന്ന് നിഷ്കർഷിക്കുന്നു .കൂടുതൽ തുക വേണ്ടിവരുകയാണെങ്കിൽ സ്പോൺസർഷിപ്പിലൂടെ കണ്ടെത്തേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. കുടുംബസംഗമത്തിൽ 107 ആളുകൾ പങ്കെടുത്തതായി കാണിച്ചിട്ടുണ്ടെങ്കിലും 27 പേരുടെ അറ്റൻഡൻസ് മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. 107 പേർ പങ്കെടുത്തിട്ടുണ്ടെങ്കിൽ തന്നെ 6420/-രൂപ മാത്രമേ

ഭക്ഷണത്തിനായി ചെലവാക്കുവാൻ പാടുള്ളൂ. എന്നാൽ 11,000/- രൂപയും ഭക്ഷണത്തിനായി ചെലവഴിച്ചിരിക്കുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.10 തീ 9.8.21ന് ലഭ്യമാക്കിയ മറുപടിയിൽ നിജപ്പെടുത്തിയ തുക എത്രയാണെന്ന് അറിയില്ലായിരുന്നു എന്ന് വ്യക്തമാക്കുന്നു. ഭാവിയിൽ ഇത്തരം വിഷയങ്ങൾ ആവർത്തിക്കാതിരിക്കുവാൻ പ്രസ്തുത വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-24 തെരുവുനായ്ക്കളുടെ വന്ധ്യംകരണം - പൂർണമായ ചെലവ് രേഖകൾ ലഭ്യമാക്കിയില്ല 79800/- രൂപ തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിലെ അലഞ്ഞു തിരിയുന്ന തെരുവ് നായകളെ പിടികൂടി വന്ധ്യംകരണ ശസ്ത്രക്രിയ നടത്തി പിടിച്ച സ്ഥലത്തു തന്നെ തിരിച്ച് വിടുന്നതിനായാണ് പ്രോജക്ട് തയ്യാറാക്കിയത്. പട്ടിപിടിത്തക്കാർക്കുള്ള കൂലി, വണ്ടി വാടക, ഓപ്പറേഷനുമായി ബന്ധപ്പെട്ട മറ്റ് ചെലവുകൾ, അവർക്കുള്ള ആഹാരം, മരുന്ന് എന്നിവയ്ക്ക് ചെലവാകുന്ന തുക കണ്ടെത്താനാണ് പ്രോജക്ടിൽ തുക വക കൊള്ളിച്ചിട്ടുള്ളത്. ഇതിലേക്കായി നായ ഒന്നിന് 2,100/- രൂപ വകയിരുത്തി, 79800/-രൂപ മുൻകൂറായി കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓഡിനേറ്റർക്ക് (ട്രഷറി ബിൽ നം. 1/22-8-19) കൈമാറി. 27-08-2016 ലെ 45151/RC3/2014/LSGD നമ്പരായ സർക്കുലറിലെ ഖണ്ഡിക നമ്പർ അഞ്ച് പ്രകാരം ആന്റി-റാബീസ് വാക്സിനേഷൻ, ആർ.എഫ്.ഡി കോളർ സ്ഥാപിക്കൽ, Deworming, നായയ്ക്ക് അഞ്ച് ദിവസത്തേക്ക് ഭക്ഷണം നൽകൽ, തെരുവിൽ തിരിച്ച് കൊണ്ടു വിടാൻ സുരക്ഷിതമാണെന്ന് സാക്ഷ്യപ്പെടുത്തൽ എന്നിവയെല്ലാം ഉൾക്കൊള്ളുന്നു. എന്നാൽ മേൽ പ്രവൃത്തികൾ നിർവഹിച്ചത് സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമല്ല. വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 30/12-8-2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സർക്കുലറിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നുണ്ടെന്ന് വരും വർഷങ്ങളിൽ ഉറപ്പ് വരുത്തേണ്ടതും ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ട വിശദാംശങ്ങൾ കുടുംബശ്രീ ജില്ലാ മിഷൻ കോ- ഓർഡിനേറ്ററിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. വിശദാംശങ്ങളുടെ അഭാവത്തിൽ 79800/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പദ്ധതികൾ - കുറഞ്ഞ ചെലവ് ശതമാനം

സ്പിൽ ഓവർ ഉൾപ്പെടെ ആകെ 72 പദ്ധതികൾ നടപ്പിലാക്കുന്നതിനായാണ് തൻവർഷം അംഗീകാരം വാങ്ങിയെങ്കിലും 31 പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി നിർവഹണത്തിനായി ആകെ വകയിരുത്തിയ 2,12,73,671/-രൂപയിൽ 68,18,141/-രൂപ മാത്രമാണ് (32%) തൻവർഷം ചെലവഴിക്കാനായത്. ഇപ്രകാരം ഫണ്ടുകൾ ലാപ്സാകുന്നത് പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളെ ബാധിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/10-8-2021 ) 7 പ്രവൃത്തികളുടെ ബില്ലുകൾ ക്യൂ ബിൽ ആയിട്ടുണ്ടെന്നും 8 പ്രവൃത്തികൾ ടെണ്ടറിംഗ് നടപടി കഴിഞ്ഞെങ്കിലും ആരും ഏറ്റെടുത്തില്ലെന്നും 5 പ്രവൃത്തികൾ സൈറ്റിലെ തർക്കം മൂലം നടപ്പിലാക്കാൻ കഴിഞ്ഞില്ലെന്നും 6 പ്രവൃത്തികൾ ഭേദഗതി പ്രോജക്ടുകളായി മാർച്ച് മാസത്തിൽ എഗ്രിമെന്റ് വച്ചവയാണെന്നും മറുപടി ലഭിച്ചു. പ്രോജക്ടുകളുടെ അംഗീകാരം മുതൽ നിർവ്വഹണം വരെയുള്ള വിവിധ ഘട്ടങ്ങളിൽ വന്ന കാലതാമസം, സ്ഥലതർക്കം എന്നിവ മൂലം അനുവദിക്കപ്പെടുന്ന ഫണ്ട് നഷ്ടപ്പെടുന്നതിന് കാരണമായിട്ടുണ്ട്. സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിലും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിലുമുള്ള മോണിറ്ററിംഗ് സംവിധാനത്തിന്റ അഭാവമാണ് വകയിരുത്തപ്പെടുന്ന ഫണ്ട് പൂർണമായും ചെലവഴിക്കാൻ കഴിയാതെ വരുന്നതിന് കാരണം. ഡി പി സി അംഗീകാരം മുതൽ പ്രൊജക്ടുകളുടെ നിർവ്വഹണം വരെയുള്ള വിവിധ ഘട്ടങ്ങളിൽ വർക്കിംഗ് ഗ്രൂപ്പുകൾ നിരന്തരമായി മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതുണ്ട്. മേൽ വിഷയത്തിൽ വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-26 അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭിച്ച ഇ ടെണ്ടർ ഫീ തുക ഗ്രാമ പഞ്ചായത്ത് തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടില്ല

2017-18, 2018-19 സാമ്പത്തിക വർഷങ്ങളിലെ ഇ-ടെണ്ടർ ഫീ ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ SBI കടയ്ക്കാവൂർ - ൽ (അക്കൗണ്ട് നം. 371287154716) ലഭിച്ച 1,08,975/-രൂപയും 2019-20 ലെ മരാമത്ത് പ്രവൃത്തികളിൽ നിന്നും ഇ-ടെണ്ടർ ഫീ ഇനത്തിൽ നേരിട്ട് ലഭിച്ച 22,350/-രൂപയും ഉൾപ്പെടെ 1,32,525/-രൂപ പ്രസ്തുത അക്കൗണ്ടിൽ നീക്കിയിരിപ്പായി നിലനിൽക്കുന്നുണ്ട്. എന്നാൽ തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചിട്ടില്ല. തുക ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കി വിവരം അറിയിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (37/13-8-21) മറുപടി ലഭിച്ചു. തുടർ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 മരാമത്ത് പ്രവൃത്തികൾ - ജി എസ് ടി കോമ്പൻസേഷൻ അനുവദിച്ചത് - നടപടിക്രമങ്ങൾ പാലിക്കുന്നില്ല

സ.ഉ (അച്ചടി) നം.87/2017/തസ്വഭവ, തീയതി 1-11-2017 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പാക്കുന്ന കരാറുകാർക്ക് ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവായിട്ടുണ്ട്. സർക്കുലർ നമ്പർ 18/19 ധനം/ തീയതി 1/3/19 ലെ നിർദ്ദേശങ്ങൾ പ്രകാരം 12% ജി.എസ്.ടി കോമ്പൻസേഷൻ ഉൾപ്പടെയുള്ള തുകക്കാണ് മരാമത്തു പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. ബിൽ തയ്യാറാക്കുമ്പോൾ പ്രവൃത്തി മൂല്യത്തിന്റെ കൂടെ GST നിരക്ക് കൂട്ടുകയും മൊത്തം തുക കരാറുകാരന് നല്കുകയും ചെയ്യുന്നു. പ്രവൃത്തിമൂല്യത്തോടൊപ്പം GST ഇനത്തിൽ ഓരോ പ്രവൃത്തികൾക്കും പഞ്ചായത്ത് ഫണ്ടിൽ നിന്ന് കരാറുകാരന് തുക നല്കുന്നതിനാൽ GST കോംപൻസേഷൻ ഇനത്തിൽ നല്കുന്ന തുക നികുതി അസ്സസ്സ്മെന്റിന് വിധേയമാക്കുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതുണ്ട്. GST നിയമം 2017 വകുപ്പ് 31(2) പ്രകാരം എല്ലാ നികുതി ബാധകമായ സേവനങ്ങൾക്കും സേവനത്തിന്റെ മൂല്യം, നികുതി എന്നിവയും മറ്റ് വിവരങ്ങളും ഉൾക്കൊള്ളിച്ച് കരാറുകാരൻ ഇൻവോയ്സ് നല്കേണ്ടതുണ്ട്. ഈ ഇൻവോയ്സ് നികുതി അസസ്സ്മെന്റ് ഉറപ്പ് വരുത്തുന്നു.

ജി.ഒ(ആർ.ടി)നം.2532/2018/ തസ്വഭവ തീയതി 29-9-2018 പ്രകാരം ജി.എസ്.ടി കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിനായി കരാറുകാർ തയ്യാറാക്കി സമർപ്പിക്കേണ്ട സെൽഫ് ഡിക്ലറേഷന്റെ മാതൃക (Statement Of Final Settlement Of Contract Amount And Declaration By The Contractor) അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ താഴെ ചേർക്കുന്ന പ്രവൃത്തികളിൽ ജി എസ് ടി ഉൾപ്പെട്ട തുക കരാറുകാർക്ക് നൽകിയിട്ടുള്ളത് കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ, ടാക്സ് ഇൻവോയിസുകൾ എന്നിവ വാങ്ങാതെയാണ്.

| ക്രമ നം. | പ്രോജക്ട് നം./പേര് | എം ബുക്ക് നം. | GST ഉൾപ്പെടെ പ്രവൃത്തി മൂല്യം | GST കോമ്പൻസേഷൻ | ബിൽ നം./ തീയതി | കരാറുകാരൻ |
|---|---|---|---|---|---|---|
| 1 | മേടയിൽ നടപ്പാത ഇന്റർലോക്കിംഗ് (SO73/2020) | 96/19-20 | 43287 | 4638 | 21/20-1-20 | ശ്രീ. ബിനേഷ്. ജി എസ് |
| 2 | റീ കോൺക്രീറ്റിംഗ് കൊച്ചുഉണ്ടം റോഡ് (SO 95/2020) | 127/19-20 | 86141 | 9229 | 20/25-1-20 | ശ്രീ. സുദേവൻ. എൻ |
| 3 | മൂലയിൽത്തോട്ടം ചാത്തിയോട് നടപ്പാത ഇന്റർലോക്കിംഗ് ( SO 62/2020) | 45/19-20 | 82279 | 8816 | 17/17-12-19 | ശ്രീ. ബിനേഷ്. ജി എസ് |
| 4 | മുടിപ്പുര ആലുവിളക്കം റോഡ് മെയിന്റനൻസ് & കോൺക്രീറ്റ് റോഡ് മെയിന്റനൻസ് (SO 114/20) | 6/19-20 | 262076 | 28080 | 13/20-1-20 | ശ്രീ. അനിൽ കുമാർ എസ് |
| 5 | നെടുംതോപ്പ് നടപ്പാത ഇന്റർലോക്കിംഗ് ( SO83/20) | 46/19-20 | 491477 | 52658 | 12/20-1-20 | ശ്രീ. ബിനേഷ്. ജി എസ് |
| 6 | തിട്ടയിൽ വടക്കവിളാകം സൈഡ് വാൾ (SO99/2020) | 160/19-20 | 221165 | 23697 | 23/16-3-20 | ശ്രീ. വി അശോകൻ |
| 7 | നാഗരുകാവ് നടപ്പാത ഇന്റർലോക്കിംഗ് ( So78/20) | 97/19-20 | 114293 | 12246 | 25/16-3-20 | ശ്രീ. ബിനേഷ്. ജി എസ് |
| 8 | കേട്ടുപാറ റോഡ് നടപ്പാത ഇന്റർലോക്കിംഗ് ( SO77/20) | 92/19-20 | 131960 | 14139 | 15/25-1-20 | ശ്രീ. ബിനേഷ്. ജി എസ് |
| 9 | ഇടക്കുടി അയ്യപ്പൻതോട്ടം നടപ്പാത ( SO64/20) | 101/9-20 | 218718 | 23434 | 26-16-3-20 | ശ്രീ. ബിനേഷ്. ജി എസ് |
| 10 | ഉടയവിളാകം നടപ്പാത ഇന്റർലോക്കിംഗ് ( SO63/20) | 47/19-20 | 110315 | 11819 | 16/25-1-20 | ശ്രീ. ബിനേഷ്. ജി എസ് |
| 11 | കൊണ്ടയിൽ നടപ്പാത | 219/19- | 37591 | 4028 | 3619-3- | ശ്രീ. |

| | | | | | | |
|---|---|---|---|---|---|---|
| | ഇന്റർലോക്കിംഗ് ( SO76/20) | 20 | | | 20 | ബിനേഷ്. ജി എസ് |
| 12 | റീ കോൺക്രീറ്റിംഗ് ഊരംതാഴ പുന്നത്തലഴികം റോഡ് (SO97/20) | 130/19-20 | 47297 | 5068 | 19/20-1-20 | ശ്രീ. സുദേവൻ. എൻ |
| 13 | നല്ലംതിട്ട നടപ്പാത ഇന്റർലോക്കിംഗ് ( SO 72/20) | 95/19-20 | 81095 | 8688 | 18/20-1-20 | ശ്രീ. ബിനേഷ്. ജി.എസ് |
| 14 | കൃപാ നഗർ നടപ്പാത ഇന്റർലോക്കിംഗ് ( SO 74/20 | 94/19-20 | 48120 | 5156 | 14/17-12-19 | ശ്രീ. ബിനേഷ്. ജി.എസ് |
| 15 | പുളിത്തിട്ട പണയിൽ റോഡ് മെയിന്റനൻസ് ( SO111/20) | 161/19-20 | 488880 | 52380 | 27/16-3-20 | ശ്രീ. വി. അശോകൻ |

കരാറുകാർ തയ്യാറാക്കി സമർപ്പിക്കേണ്ട സെൽഫ് ഡിക്ലറേഷൻ സംബന്ധിച്ച് അറിവില്ലായിരുന്നുവെന്നും ആയത് ഹാജരാക്കുന്നതാണെന്ന് കരാറുകാർ അറിയിച്ചിട്ടുണ്ടെന്നും ഓഡിറ്റ് എൻക്വയറിക്ക് (നം. 22/11-8-2021) മറുപടി ലഭിച്ചു. കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ വാങ്ങി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും തുകയിൽ ക്രമീകരണങ്ങൾ വേണ്ട പക്ഷം അവ നടപ്പിലാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-28 തുക അടവാക്കിയെങ്കിലും കെൽട്രോണിൽ നിന്നും പ്രിന്റർ ലഭിച്ചില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിലേക്ക് ലാപ്ടോപ്പ്, പ്രിന്റർ, സ്കാനർ വാങ്ങൽ ( SO172/20) |
| വകയിരുത്തൽ | 75000 |
| ചെലവ് | 47568 |
| ബിൽ നം./ തീയതി | 1) 24/16-3-2020, തുക 43568<br>2) 29/16-3-2020, തുക 4000 |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ മേൽ പ്രോജക്ടുകളുമായി ബന്ധപ്പെട്ട് ലാപ്ടോപ്പ്, പ്രിന്റർ എന്നിവ വാങ്ങുന്നതിന് CPRCS മുഖേന റിക്വയർമെന്റ് ജനറേറ്റ് ചെയ്യുകയും 43568/- രൂപ കേരള സ്റ്റേറ്റ് ഐ ടി മിഷനിൽ ഒടുക്കുകയും ചെയ്തിട്ടുണ്ട്. ലാപ്ടോപ്പ് ലഭ്യമായിട്ടുണ്ടെങ്കിലും പ്രിന്റർ (10,090/-രൂപ വിലയുള്ളത്) ലഭിച്ചിട്ടില്ലായിരുന്നു. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 31/12-8-2021 ) പ്രിന്റർ ലഭ്യമാക്കാത്ത പക്ഷം തുക തിരികെ അടവാക്കാൻ ആവശ്യപ്പെട്ട് ഐ ടി മിഷന് കത്ത് അയച്ചിട്ടുണ്ടെന്നും തുക തിരികെ അടവാക്കി വിവരം അറിയിക്കുന്നതാണെന്നും മറുപടി ലഭിച്ചു. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-29 കുടിവെള്ള കിയോസ്ക് നിർമാണം - പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം

| | |
|---|---|
| പ്രോജക്ട് നമ്പർ | (SO 137/2020) |
| വകയിരുത്തൽ (2019-20) | 853793/- |
| ചെലവ് | 573563/- |
| ബിൽ നം/തീയതി | 4/13-6-19, |
| കൺവീനർ | എസ്. അനിൽകുമാർ |
| സ്ഥലം കരാറുകാരന് കൈമാറിയ തീയതി | 27-9-2017 |
| പൂർത്തീകരണ കാലാവധി | 3 മാസം |

ഗ്രാമ പഞ്ചായത്തിലെ 14 വാർഡുകളിലും എലിവേറ്റഡ് പ്ലാറ്റ്ഫോം നിർമിച്ച് വെള്ളം സംഭരിക്കുന്നതിന് കിയോസ്ക് സ്ഥാപിക്കുന്നതിനാണ് (സ്പിൽ ഓവർ) അസിസ്റ്റന്റ് എഞ്ചിനീയറുടെ നിർവഹണത്തിൽ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. 2017-18 ൽ മേൽ പദ്ധതിക്കായി 8,64,537/-രൂപ ചെലവഴിച്ചിട്ടുണ്ട്.

മേൽ പ്രവൃത്തി നിർവഹണത്തിനായി കരാറുകാരൻ 27-9-2017 ൽ സ്ഥലം ഏറ്റെടുത്തിരുന്നുവെങ്കിലും 1-2-18 ൽ 9 ടാങ്കുകളുടെ നിർമാണവും ബാക്കി 5 ടാങ്കുകളുടെ നിർമാണം 28-2-19ലും പൂർത്തിയാക്കിയതായാണ് എം ബുക്കിൽ രേഖപ്പെടുത്തലുള്ളത്. ഒന്നാം ഘട്ടം നിർമാണം കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞാണ് രണ്ടാം ഘട്ടനിർമാണം പൂർത്തിയാകുന്നത്. ആകെ നിർമാണം പൂർത്തിയാകാൻ 18 മാസം സമയം എടുത്തിട്ടുണ്ട്. എന്നാൽ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. ജനങ്ങളുടെ എതിർപ്പ്, സ്ഥലത്തെ സൗകര്യക്കുറവ് എന്നിവ കാരണമാണ് പ്രവൃത്തി സമയപരിധിക്കുള്ളിൽ നടപ്പിലാക്കാൻ കഴിയാതിരുന്നു എന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. അനുയോജ്യമായ സ്ഥലം കണ്ടെത്താൻ വൈകിയതിനാൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം വന്നു.

കരാറുകാരന്റേതല്ലാത്ത കാരണത്താലാണ് പ്രവൃത്തി പൂർത്തിയാക്കാൻ വൈകുകയാണെങ്കിൽ കരാർ കാലാവധിക്കുള്ളിൽ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കരാറുകാരൻ അപേക്ഷ സമർപ്പിക്കണമായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരണത്തിന് ശേഷം 5-3-2019 ൽ കരാറുകാരൻ സമർപ്പിച്ച ഒരു അപേക്ഷയാണ് ഫയലിൽ കാണുന്നത്. പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുന്നത് സംബന്ധിച്ചോ കരാറുകാരനെ പിഴയിൽ നിന്നും ഒഴിവാക്കി നൽകുന്നത് സംബന്ധിച്ചോ ഭരണസമിതി യാതൊരു തീരുമാനവും എടുത്തിട്ടില്ല.

മേൽ അപാകതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി (നം.34/13-8-2021) നൽകിയതിന് സ്ഥലം ലഭ്യമാകാത്ത സാഹചര്യത്തിൽ പ്രവൃത്തി വൈകിയതിനാൽ പിഴ ഈടാക്കാതെ ബിൽ നൽകാൻ പഞ്ചായത്ത് പ്രസിഡന്റും കോൺട്രാക്ടറും പ്രവൃത്തി നടപ്പിലാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ബിൽ നൽകിയതെന്നും ആയത് സംബന്ധിച്ച് ഭരണസമിതി തീരുമാനം എടുക്കാമെന്ന് പ്രസിഡന്റ് അറിയിച്ചെങ്കിലും തീരുമാനം എടുത്തിരുന്നില്ലായെന്നും കരാറുകാരനിൽ നിന്നും പിഴ ഈടാക്കി അടവാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## <u>1-30 കായിക വികസനം - പ്രോജക്ട് ലക്ഷ്യപ്രാപ്തിയിലെത്തിയില്ല</u>

| | |
|---|---|
| പ്രോജക്ട് നമ്പർ | SO015/20 |
| അടങ്കൽ തുക | 19281(വികസനഫണ്ട്) |
| ചെലവ് | 19281 |
| ബിൽ നമ്പർ | 02/27.02.2020 |

ഫുട്ബോൾ, വോളിബോൾ, ക്രിക്കറ്റ്, കബഡി എന്നീ കായിക ഇനങ്ങളിൽ ടീമുകൾ രൂപീകരിക്കുന്നതിനുവേണ്ടി സെലക്ഷൻ ട്രയൽസ് കം ചാമ്പ്യൻഷിപ്പ്, പരിശീലനം എന്നിവ നടത്തുന്നതിനും ട്രോഫിയും ജഴ്സിയും വിതരണം ചെയ്യുന്നതിനും 1,20,000 രൂപ വകയിരുത്തി ആദ്യം രൂപീകരിച്ച പ്രോജക്ട് പുതുക്കിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) നാല് ഇനങ്ങളിലെ ടീം രൂപീകരണം ലക്ഷ്യമിടുന്ന പ്രോജക്ടിൽ സ്പോർട്സ് ഉപകരണങ്ങൾക്കുള്ള 18.10.19ലെ എസ്/1/19-20-ാംനമ്പർ ക്വട്ടേഷനിൽ ക്രിക്കറ്റ്, ഫുട്ബോൾ, വോളിബോൾ എന്നിവയ്ക്കുള്ള ഉപകരണങ്ങളും ട്രോഫികളുമാണ് ആവശ്യപ്പെട്ടിട്ടുള്ളത്. എന്നാൽ വിവിധ ഏജൻസികളുടെ ക്വട്ടേഷനുകളിൽ ഷട്ടിൽകോക്ക്, ഷട്ടിൽ നെറ്റ് എന്നിവയുടെ വില ക്വാട്ട് ചെയ്തിട്ടുണ്ട്. എറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത സിറ്റി സ്പോർട്സ്, ആറ്റിങ്ങൽ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ സാധനങ്ങളിലും ഷട്ടിൽകോക്ക്, ഷട്ടിൽ നെറ്റ് എന്നിവ ഉൾപ്പെട്ടിട്ടുണ്ട്.

ബി) സെലക്ഷൻ ട്രയൽസ് നടത്തിയതിന്റെയും അതിൽ പങ്കെടുത്തവരുടെയും തിരഞ്ഞെടുത്തവരുടെയും വിശദാംശങ്ങൾ ലഭ്യമല്ല.

സി) സബ്സിഡി മാർഗ്ഗരേഖ [സ.ഉ(കൈ) നം. 22/2018/തസ്വഭവ തീയതി 14.02.2018] ഖണ്ഡിക 7.6.2 പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ടീമുകൾക്ക് പരിശീലകരെ നിയോഗിച്ച് പരിശീലനം നൽകണമെന്നുണ്ട്. എന്നാൽ ടീം രൂപീകരിച്ചതിന്റെയും പരിശീലനം നടത്തിയതിന്റെയും വിശദാംശങ്ങൾ ലഭ്യമല്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 21/10.08.2021ന്റെ മറുപടിയിൽ പ്രസ്തുത വിഷയങ്ങൾക്ക് വിശദീകരണം ലഭ്യമാക്കിയില്ല)

കായികവികസനം ലക്ഷ്യമാക്കി രൂപീകരിച്ച പ്രസ്തുത പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദ റിപ്പോർട്ട് രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-31 പാഥേയം - ചെലവിൽ അവ്യക്തത

| | |
|---|---|
| പ്രോജക്ട് നമ്പർ | S0092/20 |
| അടങ്കൽ തുക | 92064 (വികസനഫണ്ട്) |
| ചെലവ് | 92064 |
| ബിൽ നമ്പർ | 01/08.11.2019തുക 69048 |
| | 04/03.03.2020 തുക 23016 |

അഗതികളും 60 വയസിനു മുകളിലുള്ളവരും ഒരു നേരത്തെ ആഹാരം പോലും ലഭ്യമാകാത്തവരുമായ വയോജനങ്ങൾക്ക് ഒരു നേരത്തെ പാകം ചെയ്ത ആഹാരം കുടംബശ്രീ വഴി ലഭ്യമാക്കുന്നതിനുള്ള പ്രോജക്ട്. ഒരു ഗുണഭോക്താവിനായി ഊണിന്റെ വിലയായ 40 രൂപയിൽ സുഭിക്ഷകേരളം പദ്ധതി പ്രകാരം ലഭ്യമാകുന്ന 10 രൂപ കഴിച്ചുള്ള 30രൂപയുടെ 40% തുകയായ 12രൂപ പഞ്ചായത്ത് വിഹിതമായി നൽകുന്നു.

15.11.19 മുതൽ 27.11.19 വരെ 35 പേർക്കും 28.11.19 മുതൽ 7 പേരെ കൂട്ടിച്ചേർത്ത് 42 പേർക്കും ഭക്ഷണം നൽകുന്നതിനായി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ തുക ഒടുക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) ബിൽ നമ്പർ 01/18.11.19 പ്രകാരം 15.11.19 മുതൽ 31.03.20 വരെ 42 ഗുണഭോക്താക്കൾക്ക് 137 ദിവസം (യഥാർത്ഥത്തിൽ 138 ദിവസമുണ്ട്) 504രൂപ ക്രമത്തിൽ 69048 രൂപ നൽകിയിട്ടുണ്ട്. കണക്കുകളിലെ അവ്യക്തതക്ക് വിശദീകരണം ലഭ്യമാക്കിയില്ല.

ബി) ബിൽ നമ്പർ 04/06.03.20 പ്രകാരം കൈമാറിയ 23016രൂപ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.(ഓഡിറ്റ് എൻക്വയറി നമ്പർ 21/10.08.2021ന്റെ മറുപടിയിൽ പ്രസ്തുത വിഷയങ്ങൾക്ക് വിശദീകരണം ലഭ്യമാക്കിയില്ല).

വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-32 സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ പദ്ധതികൾ-വിനിയോഗ വിവരം ലഭ്യമല്ല- തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം-4/20

പ്രോജക്റ്റിന്റെപേര്-ഇൻഫർമേഷൻ കേരള മിഷന് തുക

ബിൽ നം-11/19-20 തിയ്യതി 21-7-19 തുക 85270

നിർവഹണോദ്യോഗസ്ഥൻ-സെക്രട്ടറി

പദ്ധതി പ്രകാരം ഇൻഫർമേഷൻ കേരള മിഷന് 85270 രൂപ കൈമാറിയിട്ടുണ്ട്. ജി.ഒ (ആർ.ടി)1228/2016 തീയതി 5/2/15 പ്രകാരം പ്ലാൻ ഫണ്ടിന്റെ 0.25% ആണ് Ikm വിഹിതമായി അടവാക്കേണ്ടത്. അധിക തുക അടവാക്കുന്ന പക്ഷം ആയതിന്റെ ക്രമീകരണ വിവരം കൂടി ഉൾപ്പെടുത്തിയിട്ടുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. സ്ഥാപനത്തിന് കൈമാറിയ തുകയ്ക്കുള്ള വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 1-33 പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം-139/20

പ്രോജക്റ്റിന്റെ പേര്-തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് ഇലക്ട്രിക്ക് ലൈൻ എക്സ്റ്റെൻഷൻ

അടങ്കൽ-182800

ചെലവ്-182800

ഫണ്ടിനം-ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ബിൽ നം-16/19-20 തിയ്യതി - 21-8-19 തുക- 182800

ഓഡിറ്റ് എൻക്വയറി നം-43/16-8-21

പഞ്ചായത്തിലെ വിവിധ വാർഡുകളിലേക്ക് ഇലക്ട്രിക്ക് ലൈൻ എക്സ്ടെൻഷൻ പ്രവൃത്തി നടത്തുന്നതിനായി മേൽ ബിൽ പ്രകാരം തുക കെ എസ് ഇ ബി ക്ക് കൈമാറിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരണ വിവരം, തുകയുടെ വിനിയോഗ സാക്ഷ്യ പത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കും വരെയും ,ചെലവു തുക 182800 രൂപ തടസ്സപ്പെടുത്തുന്നു. ഫയൽ പ്രകാരം തുക കടക്കാവൂർ കെ എസ് ഇ ബി യിൽ അടവാക്കുന്നതിനു പകരം വർക്കല കെ എസ് ഇ ബി യിൽ അടവാക്കി എന്ന് രേഖപ്പെടുത്തിയതായി കാണുന്നുണ്ട്. പ്രസ്തുത അപാകത പരിഹരിച്ചതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

## 1-34 ബ്ലോക്ക് പദ്ധതിക്ക് തുക കൈമാറൽ-വിനിയോഗ സാക്ഷ്യ പത്രം പരിശോധനക്ക് ലഭ്യമാക്കിയില്ല

പ്രോജക്റ്റ് നം.-11/20

പ്രോജക്റ്റിന്റെ പേര്--ആരോഗ്യ ഭവനം -ബ്ലോക്ക് പദ്ധതിക്ക് തുക കൈമാറൽ

അടങ്കൽ-200000

ചെലവ്-200000

ഫണ്ടിനം-ഡവലപ്മെന്റ് ഫണ്ട് -ജനറൽ

ബിൽ നം.- 10/19-20തിയ്യതി-20-7-19 തുക- 200000

പദ്ധതി പ്രകാരം തുക ചിറയിൻകീഴ് താലൂക്ക് ഹോസ്പിറ്റലിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. തുക ഹോസ്പിറ്റലിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ബ്ലോക്ക് പഞ്ചായത്തിന്റെ കത്ത് , തുകയുടെ വിനിയോഗ സാക്ഷ്യ പത്രം എന്നിവ ഫയലില്ല. ആയവ ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത രേഖകൾ ലഭ്യമാക്കും വരെക്കും ചെലവു തുക 200000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-35 ഗാർഹിക കുടിവെള്ള കണക്ഷൻ-ചെലവു രേഖകൾ പൂർണമായും പരിശോധനക്ക് ലഭ്യമാക്കിയില്ല

പ്രോജക്റ്റ് നം.-9/20

പ്രോജക്റ്റിന്റെ പേര്--ഗാർഹിക കുടിവെള്ള കണക്ഷൻ

അടങ്കൽ-100000

ചെലവ്-55000

ഫണ്ടിനം-ഡവലപ്മെന്റ് ഫണ്ട് -ജനറൽ

സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം 11 പേർക്കാണ് ഗാർഹിക കുടിവെള്ള കണക്ഷൻ എടുക്കുന്നതിന് ധനസഹായം നൽകിയിരിക്കുന്നത്. സെക്രട്ടറിയുടെ ബിൽ ബുക്ക് പരിശോധിച്ചതിൽ 8 പേർക്ക് ധനസഹായം നൽകിയതിന്റെ തുകകൾ മാത്രമാണ് ട്രഷറി ബിൽ ബുക്ക് പ്രകാരം രേഖപ്പെടുത്തിയതായികാണുന്നത്. സാവിത്രി, ബീന, ഷീബ എന്നിവർക്ക് ധനസഹായം (5000x3=15000)നല്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് എൻക്വയറി നം-42/16-8-18 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കും വരെക്കും ചെലവു തുക 15000 രൂപ തടസ്സത്തിൽ വക്കുന്നു.

## 1-36 കെൽട്രോണിൽ നിന്നും കമ്പ്യൂട്ടറുകൾ വാങ്ങൽ-പ്രഫോമ ഇൻവോയ്സ് തുകയും ഒറിജിനൽ ബിൽ തുകയും തമ്മിൽ വ്യത്യാസം

പ്രോജക്റ്റ് നം-141/20

പ്രോജക്റ്റിന്റെ പേര്-പഞ്ചായത്ത് ഓഫീസ് നവീകരണം അനുബന്ധ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

അടങ്കൽ-236705

ചെലവ്-186535

ബിൽ നം.- 14/19-20തിയ്യതി-18-10-19 തുക- 10176

ബിൽ നം.- 27/19-20തിയ്യതി-22-1-20 തുക- 161880

പദ്ധതി പ്രകാരം ലേസർ പ്രിന്റർ- ഒരെണ്ണം,ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ-നാലെണ്ണം എന്നിവ വാങ്ങുന്നതിനായി പ്രഫോമ ഇൻവോയ്സ് നം.-8306/14/8/19തുക 10176, പ്രഫോമ ഇൻവോയ്സ് നം-8114/27/7/19 തുക 161880)എന്നിവയുടെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് ഐ ടി മിഷന് തുക അനുവദിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ടാക്സ് ഇൻവോയ്സ് നം J9PUB449664/23-9-20 പ്രകാരം 4 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾക്ക് 154344 രൂപയും ലേസർ പ്രിന്ററിന് ടാക്സ് ഇൻവോയ്സ് നം RV200`105006105 /30-9-20 പ്രകാരം 9701 രൂപയുമാണ്. അധിക തുക അടവാക്കിയത് സംബന്ധിച്ച നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഇക്കാര്യത്തിൽ തൃപ്തികരമായ മറുപടി ലഭ്യമാക്കും വരെയും അധികം ചെലവുചെയ്ത 10176 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-37 തെരുവ് വിളക്ക് അറ്റകുറ്റപണി-പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്റ്റ് നം.-13/20

പ്രോജക്റ്റിന്റെപേര്-തെരുവ് വിളക്ക് അറ്റകുറ്റപണി

ബിൽ നം.-40/19-20 തിയ്യതി 18-1-19 20 തുക 299134

ഫണ്ടിനം-ധനകാര്യ കമ്മീഷൻ ഗ്രാന്റ്.

പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ അറ്റകുറ്റപണി എന്ന പദ്ധതി പ്രകാരം അറ്റകുറ്റപണിക്കാവശ്യമായ ഫിറ്റിംഗുകളും ബൾബുകളും സെക്രട്ടറി വാങ്ങി നൽകി വാറണ്ടി പിരീഡ് കഴിഞ്ഞ തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്.

തൻവർഷം ഉപകരണങ്ങളുടെ വാങ്ങൽ മാത്രമാണ് നടത്തിയിട്ടുള്ളത്. ഇൻവോയ്സ് നം KREWS/101/19-20 DT6-12-19 നം. ഇൻവോയ്സ് പ്രകാരം 20 വാട്സിന്റെ 400 LED ബൾബുകളും 400 അലുമിനിയം ബൾബ് ഷേഡുകളും 400 പെൻഡന്റ്ഹോൾഡറുകളും1.5 Sq Mm അലുമിനിയം വയറുകളും വാങ്ങിയിട്ടുണ്ട്.

പദ്ധതി പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)2019-20 വർഷത്തെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടത്തുന്ന വാങ്ങലുകൾ രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്റർ പ്രകാരം പ്രസ്തുത സാധനങ്ങളുടെ സ്റ്റോക്ക് രേഖപെടുത്തി മുഴുവൻ ഇനങ്ങളും വിതരണം ചെയ്തു എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആർക്കാണ് വിതരണം നടത്തിയതെന്ന് രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തന്നെ ആവശ്യകതയുടെ അടിസ്ഥാനത്തിലാണോ വിതരണം എന്ന് ഉറപ്പുവരുത്താനായിട്ടില്ല.

2)പഞ്ചായത്തിൽ തെരുവു വിളക്കുകളുടെ ഇനം, തരം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ തന്നെ ഏതെല്ലാം ഇലക്ട്രിക്ക് പോസ്റ്റുകൾക്ക് മുകളിലാണ് ഇവ സ്ഥാപിച്ചതെന്ന് വ്യക്തമല്ല. പഞ്ചായത്ത് ഡയറക്ടറുടെ 17-8-15 തിയ്യതിയിലെ ജി-2 44274/2015 നം ഉത്തരവ് പ്രകാരം ഉപകരണങ്ങൾ വാങ്ങുമ്പോൾ ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും കേടായ സാധനങ്ങൾ അതാതു ദിവസം പഞ്ചായത്തിൽ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള Stock In രജിസ്റ്ററും Stock Out രജിസ്റ്ററും റീകൺസയിൽ ചെയ്യുന്നുവെന്നും തെരുവു വിളക്കും അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതും സംബന്ധിച്ച സ ഉ(സാ ധ)നം2134/2015ത സ്വ ഭ വ തി.15-5-2015 പ്രകാരമുള്ള കാര്യങ്ങൾ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിച്ചതായി കാണുന്നില്ല.

3)ക്രൂസുമായി ഏർപ്പെട്ട കരാർ, വാങ്ങിയ ഇനങ്ങളുടെ വാറന്റിസംബന്ധിച്ച വ്യവസ്ഥകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്തുകളുടെ അനിവാര്യ ചുമതലയിൽ പെടുന്ന തെരുവു വിളക്കുകളുടെ പരിപാലനം നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കുറ്റമറ്റരീതിയിൽ നടപ്പാക്കുന്നതിന് ശ്രദ്ധപുലർത്തേണ്ടതാണ്.

## 1-38 തെരുവ് വിളക്ക് വാങ്ങിസ്ഥാപിക്കൽ-പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

പ്രോജക്റ്റ് നം.-142/20(So)

പ്രോജക്റ്റിന്റെപേര്-തെരുവ് വിളക്ക് വാങ്ങി സ്ഥാപിക്കൽ

ബിൽ നം.-47/19-20 തിയ്യതി 13-3- 20 തുക 297906

ഫണ്ടിനം-ധനകാര്യ കമ്മീഷൻ ഗ്രാന്റ്.

പദ്ധതി (ഇൻവോയ്സ് നം. TVLA/9-20 86-31-10-19) പ്രകാരം 20വാട്ടിന്റെ ഓട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റുകൾ (എൽ.ഇ. ഡി) 123എണ്ണം (രണ്ടു വർഷ ഗ്യാരന്റിയോടുകൂടിയത്) വിതരണവും ഇൻസ്റ്റലേഷനും സിഡ്കോയെ ഏൽപിച്ച് നിർവഹണം നടത്തിയിട്ടുണ്ട്. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.സിഡ്കോയുമായി ഏർപ്പട്ട കരാറിൽ സെക്രട്ടറി ഒപ്പു വച്ചിട്ടില്ല,കരാർ തിയ്യതി രേഖപെടുത്തിയിട്ടില്ല.

2.ഏതെല്ലാം ഇലക്ട്രിക്ക് പോസ്റ്റുകളിലാണ് ഇവ സ്ഥാപിച്ചതെന്ന് വിവരം രേഖപ്പെടുത്തിയ തെരുവ് വിളക്കുകളുടെ രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല.

3.പുതിയ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് കെ എസ് ഇ ബി യിൽ നിന്നും ലഭിച്ച അനുമതി പത്രം പരിശോധനക്ക് ലഭ്യമാക്കിയില്ല.

അപാകതകൾ പരിഹരിച്ച് വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-39 പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി കുടിവെള്ളക്കരം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

താഴെ ചേർത്തിരിക്കുന്ന പദ്ധതികൾ പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള പൊതു ടാപ്പുകളുടെ വെള്ളക്കര കുടിശ്ശിക ഇനത്തിൽ 3578636 രൂപ അടവാക്കിയിട്ടുണ്ട്

| പ്രോജക്റ്റിന്റെ നമ്പർ/ പേര് | ബിൽ നം./തുക | ഫണ്ടിനം |
|---|---|---|
| 6/20-വെള്ളക്കരം കുടിശ്ശിക അടവാക്കൽ | ബിൽ നം.- 30/19-20തിയ്യതി-22-1-20 തുക-800000 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| " " | ബിൽ നം.- 31/19-20തിയ്യതി-24-12-19തുക-853996 | " |
| " " | ബിൽ നം.- 37/19-20തിയ്യതി-22-1-20 തുക-833559 | " |
| " " | ബിൽ നം.- 5/19-20തിയ്യതി-20-7-19 തുക-586945 | " |
| 165/20.വെള്ളക്കരം കുടിശ്ശിക അടവാക്കൽ | ബിൽ നം.- 8/19-20തിയ്യതി-20-7-19 തുക-180000 | " |
| വെള്ളക്കരം കുടിശ്ശിക അടവാക്കൽ | സർക്കാർ ഉത്തരവുകൾ പ്രകാരം ഡവലപ്മെന്റ് ഫണ്ടിൽ നിന്നും കുറവു ചെയ്തത്-324136 | ഡവലപ്മെന്റ് ഫണ്ട് |

ലഭ്യമാക്കിയ രേഖകൾ പ്രകാരം 273 ടാപ്പുകളുടെ തുകയാണ് അടവാക്കികൊണ്ടിരിക്കുന്നത്. നിലവിലുള്ള പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയതായി ഫയലിൽ രേഖയില്ല. ജി.ഒ.(ആർ.ടി) 2242/2011/തസ്വഭവ.28-09-2011 പ്രകാരം സംയുക്ത പരിശോധന നടത്താത്ത തസ്വഭവ സ്ഥാപനങ്ങൾ രണ്ടാഴ്ചക്കകം ആയതിന് വാട്ടർ അതോറിറ്റിക്ക് രേഖാമൂലം കത്ത് നല്കേണ്ടതും, വാട്ടർ അതോറിറ്റി ഒരാഴ്ചക്കകം പരിശോധന നടത്തേണ്ടതുമാണ്. മാത്രമല്ല പഞ്ചായത്ത് കുടിശ്ശിക ഇനത്തിൽ വൻ തുക ബാക്കിയുള്ളതിനാൽ വികസന ഫണ്ടിൽ നിന്നും തുക പിടിച്ച് അടവാക്കിയിട്ടുണ്ട്. മേൽ സർക്കാർ ഉത്തരവു പ്രകാരം സംയുക്ത പരിശോധനക്ക് ആവശ്യപ്പെട്ടിട്ടും വാട്ടർ അതോറിറ്റി ആയത് നടത്താത്ത സ്ഥാപനങ്ങളുടെ വെള്ളക്കര കുടിശ്ശിക ഗ്രാന്റുകളിൽ നിന്നും പിടിച്ച് അടവാക്കുന്നതല്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം വലിയ തുക വെള്ളക്കരമായി നല്കുന്ന സാഹചര്യത്തിൽ വാട്ടർ അതോറിട്ടിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിന് ആവശ്യപ്പെട്ട് നൽകിയ കത്തും പരിശോധന റിപ്പോർട്ടും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 42/16.8.2021 നം ഓഡിറ്റ് അന്വേഷണം നല്കി. ആയതിന് മറുപടി ലഭ്യമാക്കിയില്ല. സംയുക്ത പരിശോധന ആവശ്യപ്പെട്ട് വാട്ടർ അതോറിറ്റിക്ക് കത്തു നല്കിയിരുന്നുവെങ്കിൽ ഗ്രാന്റിൽ നിന്നും തുക കുറവു ചെയ്യുന്ന സാഹചര്യം ഒഴിവാക്കാമായിരുന്നു.

വാട്ടർ അതോറിറ്റിയിൽ നിന്ന് വൻതുകക്കുള്ള ഡിമാന്റ് ലഭിക്കുന്ന സാഹചര്യത്തിൽ, ജലഅതോറിട്ടിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തന രഹിതമായ പൊതു ടാപ്പുകൾ ഒഴിവാക്കി മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനും, നിരക്ക് പുതുക്കി നിശ്ചയിക്കുന്നതിനും പഞ്ചായത്ത് അടിയന്തിര നടപടി കൈക്കൊള്ളേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധ നല്കേണ്ടതുണ്ട്.ക്രമനമ്പർ 4 ഒഴികെയുള്ള ബിൽ പ്രകാരമുള്ള തുകകൾ കൈപ്പറ്റിയതിന്റെ രശീതിപരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-40 കൈമാറി കിട്ടിയ സ്ഥാപനങ്ങൾക്ക് കുടിവെള്ള കണക്ഷൻ -പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

പ്രോജക്റ്റിന്റെപേര്- കൈമാറി കിട്ടിയ സ്ഥാപനങ്ങൾക്ക് കുടിവെള്ള കണക്ഷൻ

ഫണ്ടിനം-ധനകാര്യ കമ്മീഷൻ ഗ്രാന്റ്.

ബിൽ നം- 39/19-20തിയ്യതി-21-12-19 തുക- 21145

ബിൽ നം- 38/19-20തിയ്യതി-21-12-19 തുക- 10759

പദ്ധതി പ്രകാരം ആയുർവേദ ആശുപത്രി, ഏഴാം നമ്പർ അങ്കണവാടി എന്നിവിടങ്ങളിലേക്ക് കുടിവെള്ള കണക്ഷൻ ലഭിക്കുന്നതിനായി വാട്ടർ അതോറിറ്റിക്ക് തുക നൽകിയിട്ടുണ്ട് ആയതിന്റെ വിനിയോഗവിവരം, പൂർത്തീകരണ സാക്ഷ്യപത്രം

എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയവ ലഭ്യമാക്കും വരെക്കും ചെലവു തുക 31904 രൂപ തടസ്സപ്പെടുത്തുന്നു.

## 1-41 ഹരിതഭവനം - സ്ബ്സിഡി മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0047/20 |
| അടങ്കൽ | |
| വികസനഫണ്ട് | 168000 |
| ജില്ല പഞ്ചായത്ത് വിഹിതം | 168000 |
| ഗുണഭോക്തൃവിഹിതം (സ്ഥാപനത്തിൽ അടയ്ക്കുന്നത്) | 22560 |
| ഗുണഭോക്തൃവിഹിതം<br>(നേരിട്ട് ചെലവഴിക്കുന്നത്) | 187200 |
| ആകെ | 345760 |
| നിർവ്വഹണം | കൃഷി ഓഫീസർ |

കർഷകർക്ക് ഭൂഗർഭ ജലസംരക്ഷണം, മാലിന്യ നിർമ്മാർജനം, കൃഷി-മൃഗസംരക്ഷണം എന്നീ മേഖലകളിൽ സ്വയംപര്യാപ്തമാകാനുതകുന്ന സമഗ്രപദ്ധതിയിൽ കിണർ റീചാർജ്, കമ്പോസ്റ്റ് കുഴി, കോഴിക്കൂട് എന്നിവയ്ക്കായി സബ്സിഡിയും കോഴിക്കുഞ്ഞുങ്ങൾ, സംപുഷ്ടീകരിച്ച ചാണകം, ഗ്രോബാഗ്, നടീൽ വസ്തുക്കൾ എന്നിവയും നൽകുന്നതിന് ലക്ഷ്യമിട്ടിരുന്നു.

ആകെ 6 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയ പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകത ചുവടെ ചേർക്കുന്നു.

<u>ബെനിഫിഷ്യറി എൻറോൾമെന്റ് ഫോം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല</u>

സബ്സിഡി മാർഗരേഖ [സ.ഉ(കൈ)നം. 22/2018/തസ്വഭവ തീയതി 14.02.2018 ] പ്രകാരം വീട്ടുവളപ്പിൽ പരിസ്ഥിതി സൌഹൃദമായി ചെയ്യാൻകഴിയുന്ന കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ജലവിഭവ സംരക്ഷണം, മാലിന്യ സംസ്കരണം, ഊർജസംരക്ഷണം, ഭക്ഷ്യസുരക്ഷ എന്നിവയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ ഒരു പട്ടിക ഗുണഭോക്താവിന് നൽകി അടുത്ത നാല് വർഷങ്ങളിലായി ഗുണഭോക്താവിന് നടപ്പാക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾ രേഖപ്പെടുത്തി വാങ്ങേണ്ടതുണ്ട്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനം നടന്നിട്ടില്ല.

ഗുണഭോക്താക്കൾക്ക് ബോധവൽക്കരണ ക്ലാസുകളും പരിശീലനവും നൽകി ഏകീകൃത രീതി രൂപപ്പെടുത്തണമെന്നുണ്ട്. ഇപ്രകാരമുള്ള പ്രവർത്തനവും നടന്നിട്ടില്ല.

വിശദീകരണമാവശ്യപ്പെട്ടതിനെതുടർന്ന് (ഓഡിറ്റ് എൻക്വയറി നമ്പർ26/11.08.21), 6 ഗുണഭോക്താക്കളുടെ അപൂർണമായ ബെനിഫിഷ്യറി എൻറോൾമെന്റ് ഫോമുകൾ തയ്യാറാക്കി ലഭ്യമാക്കി. പ്രസ്തുത ഫോമുകളിൽ നിലവിലുള്ള കൃഷി സംബന്ധമായ വിവരങ്ങൾ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. ഗുണഭോക്താക്കൾക്ക് പരിശീലനവും ബോധവൽക്കരണക്ലാസുകളും കൃഷിഭവനിൽ വച്ച് നൽകിയുട്ടുള്ളതായി മറുപടി ലഭ്യമാക്കിയെങ്കിലും ഇത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല.

വിവിധ ഘടകങ്ങൾ ഉൾപ്പെടുന്ന പ്രോജക്ടായ ഹരിതഭവനം നടപ്പാക്കുമ്പോൾ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-42 വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ (SCP) – പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | S0002 |

| | |
|---|---|
| അടങ്കൽ | 21,00,000<br>(വികസനഫണ്ട് SCP) |
| ചെലവ് | 15,50,000 |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

14 പട്ടികജാതി ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണത്തിനായി 150000/- രൂപ വീതം ധനസഹായം നൽകുന്നതിനായി വിഭാവനം ചെയ്ത പ്രോജക്ട്. പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## 1-42-1 മെയിന്റനൻസ് പ്രവൃത്തി പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടില്ല

ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ മെയിന്റനൻസ് പ്രവൃത്തി പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടില്ല

| പേര് വിവരം | BRN നമ്പർ | തുക |
|---|---|---|
| ശ്യാമള, കേട്ടുപുര,<br>വാർഡ് 6 | 28579/10.12.19 | 50000 |
| | 23134/11.01.20 | 50000 |
| ജഗദമ്മ, നമ്പിവട്ടം<br>വാർഡ് 6 | 23134/11.01.20 | 50000 |
| | 44748/26.02.20 | 50000 |

ജഗദമ്മ എന്ന ഗുണഭോക്താവ് പണി പൂർത്തീകരിക്കുന്നതിനുമുൻപ് മരണപ്പെട്ടുവെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 39/13.08.21ന്റെ മറുപടി). തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-42-2 കാലപ്പഴക്കമില്ലാത്ത വീടിന് ധനസഹായം

സബ്സിഡി മാർഗരേഖ [സ.ഉ(കൈ)നം. 22/2018/തസ്വഭവ തീയതി 14.02.2018 ] ഖണ്ഡിക 6.7പ്രകാരം പുതിയ വീട് നിർമ്മിച്ച് 8വർഷമെങ്കിലും കഴിഞ്ഞവർക്കുമാത്രമേ വീട് വാസയോഗ്യമാക്കൽ ധനസഹായത്തിന് അർഹതയുള്ളൂ. എന്നാൽ,സഞ്ചയ പരിശോധനയിൽ, അനിത അജി, അനൂപ് വിലാസം, കായിക്കര (വാർഡ് 3) എന്നയാളിന്റെ വീട് (നമ്പർ AP II/126A) 2019ൽ അസസ്മെന്റ് നടത്തിയതാണെന്ന് കാണുന്നു. പ്രസ്തുത കെട്ടിടത്തിന് 8 വർഷം പഴക്കമുള്ളതായി അസസ്മെന്റ് രജിസ്റ്ററിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽനിന്നും സാക്ഷ്യപത്രം നൽകിയിട്ടുണ്ട്.

പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചുനൽകിയ ലിസ്റ്റ് പ്രകാരമാണ് ആനുകൂല്യം നൽകിയതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 39/13.08.21ന്റെ മറുപടി). പ്രസ്തുത മറുപടി പരിഗണനാർഹമല്ല. ആനുകൂല്യം നൽകുന്നതിന് മുൻപ് വീടിന്റെ നിലവിലുള്ള സ്ഥിതി പരിശോധിക്കേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥയാണ്. പ്രസ്തുത വിഷയത്തിന് സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല.

പ്രസ്തുത അപാകത പരിഹരിക്കുന്നതിലേക്കായി രേഖകൾ സഹിതം വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-43 ലക്ഷം വീട് കോളനി പുനരുദ്ധാരണം -നിർവ്വഹണത്തിലെ അപാകതകൾ

| പ്രോജക്ട് നമ്പർ | S0106/20 | |
|---|---|---|
| | അടങ്കൽ | ചെലവ് |
| വികസനഫണ്ട് | 200000 | 100000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 100000 | 0 |
| ജില്ല പഞ്ചായത്ത് വിഹിതം | 200000 | 0 |
| ആകെ | 500000 | 100000 |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | |

ഗ്രാമ പഞ്ചായത്തിലെ വിവിധ ലക്ഷംവീട് കോളനികളിൽ പുനരുദ്ധാരണം ആവശ്യമുള്ള 5 വീട്ടുകൾ അറ്റകുറ്റപണി നടത്തി വാസയോഗ്യമാക്കുന്നതിന് 40:20:40 എന്ന അനുപാതത്തിൽ ഗ്രാമ, ബ്ലോക്ക, ജില്ല പഞ്ചായത്ത് വിഹിതങ്ങൾ ഉൾപ്പെടുത്തി

ഒരു വീടിന് 100000 രൂപ വീതം ധനസഹായം നൽകുന്നതിന് ആവിഷ്കരിച്ച പദ്ധതി. പ്രസ്തുത പ്രോജക്ടിലെ അപാകതകൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

## 1-43-1 വകയിരുത്തിയ ബ്ലോക്ക്, ജില്ല പഞ്ചായത്ത് വിഹിതങ്ങൾ ലഭ്യമായില്ല

പദ്ധതി മാർഗ്ഗരേഖ [സ.ഉ.(കൈ) നം. 11/2018/തസ്വഭവ തീയതി 29.01.2018] ഖണ്ഡിക3.5.4 പ്രകാരം വകയിരുത്തേണ്ട വിഹിതം നിശ്ചയിച്ച് ഓരോ സ്ഥാപനവും പ്രോജക്ട് ആവിഷ്കരിക്കേണ്ടതാണെന്നും മുഖ്യ പങ്കാളിയായ സ്ഥാപനം വിശദമായ പ്രോജക്ട് തയ്യാറാക്കേണ്ടതാണെന്നും പരാമർശിച്ചിട്ടുണ്ട്. പാങ്കാളികളാകുന്ന സ്ഥാപനങ്ങൾ തമ്മിൽ നിർവ്വഹണം ആരംഭിക്കുന്നതിന് മുൻപ് കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ്. ഇപ്രകാരം കരാറിലേർപ്പെട്ടിട്ടില്ല. ജില്ല, ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ ഇല്ലാത്തതിനാൽ ഭരണസമിതി തീരുമാനപ്രകാരം വികസന ഫണ്ട് ഒരു ലക്ഷം രൂപ വീതം രണ്ട് ഗുണഭോക്താക്കൾക്ക് നൽകാൻ തീരുമാനിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ40/13.08.21ന്റെ മറുപടി). സംയുക്ത പ്രോജക്ടിലെ എല്ലാ വിഹിതങ്ങളും ഉറപ്പുവരുത്തി നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-43-2 പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടില്ല

പ്രസ്തുത പ്രോജക്ട് പ്രകാരം ചുവടെ ചേർക്കുന്ന 2 ഗുണഭോക്താക്കൾക്ക് ഭാഗികമായി ആനുകൂല്യം നൽകിയിട്ടുണ്ട്.

| ക്രമ നം. | പേര് വിവരം | ബിൽ നമ്പർ | തുക |
|---|---|---|---|
| 1 | നബീസ, പോളയ്ക്കൽ ലക്ഷം വീട്, കായിക്കര, വാർഡ് 4 | 33/15.02.20 | 50000 |
| 2 | സുദർശനൻ, മലവിളവീട്, വാർഡ് 2 | 41/03.03.20 | 50000 |

വിഭാവനം ചെയ്ത രീതിയിൽ പ്രോജക്ട് പൂർത്തീകരിച്ചില്ല. പണി പൂർത്തീകരിക്കുന്നമുറയ്ക്ക് ബാക്കി ധനസഹായം നല്കുമെന്നാണ് വിശദീകരണം(ഓഡിറ്റ് എൻക്വയറി നമ്പർ40/13.08.21ന്റെ മറുപടി).

തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-44 ഭവന നിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയില്ല

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | ഭൂമിയുള്ള ഭവനരഹിതർക്ക് വീട് (ലൈഫ് ഭവന പദ്ധതി) | |
| പ്രോജക്ട് നമ്പർ | S0047/20 | |
| | അടങ്കൽ | ചെലവ് |
| വികസനഫണ്ട് | 3560000 | 3372950 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 700000 | 0 |
| ജില്ല പഞ്ചായത്ത് വിഹിതം | 200000 | 0 |
| ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ | 740000 | 0 |
| ആകെ | 5200000 | 3372950 |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | |

ബിൽ നമ്പർ 05/14.08.2019 പ്രകാരം 322000രൂപ പിൻവലിച്ച് 3ഗുണഭോക്താക്കൾക്ക് 100000രൂപ വീതവും രണ്ട് പേർക്ക് 11000 രൂപ വീതവും നൽകി. ഇതിൽ 100000 രൂപ കൈപ്പറ്റിയ ഷെർളി രാജു, വിളയിൽ പുരയിടം, അഞ്ചുതെങ്ങ് (വാർഡ് 11) എന്ന ഗുണഭോക്താവിന് നാളിതുവരെ ലഭ്യമാക്കിയ ആനുകൂല്യത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| തീയതി | ഇനം | തുക |
|---|---|---|

| | | |
|---|---|---|
| 29.03.2019 | വായ്പ | 40000 |
| 29.03.2019 | വായ്പ | 160000 |
| 13.08.2019 | വികസന ഫണ്ട് | 100000 |
| ആകെ | | 300000 |

ഗുണഭോക്തൃലിസ്റ്റിൽ 69-ാം ക്രമനമ്പരായുള്ള പ്രസ്തുത ഗുണഭോക്താവ് വീട് നിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടില്ല. 2016-17 വർഷം ഫിഷറീസ് വകുപ്പിൽ നിന്ന് ഭവന നിർമ്മാണത്തിനായി 50000രൂപ കൈപ്പറ്റിയതായി പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർ ഗഡുക്കൾ നൽകുകയുണ്ടായില്ലായെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 33/13.08.21ന്റെ മറുപടി). നിജസ്ഥിതി പരിശോധിച്ച് തുടർനടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

### 2-1 ഇല്ല

-

## ഭാഗം -3

### 3-1 ഇല്ല

-

## ഭാഗം -4

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെല വഴിച്ച തുക | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 0 | 2880 | കിണർ റീചാർജ്ജിംഗ് | 2880 | 0 |
| | | 0 | 150000 | ക്ഷീരസമൃദ്ധി | 150000 | 0 |
| | | 0 | 196500 | സ്നേഹ സ്പർശം മാനസിക വെല്ലുവിളി നേരിടു ന്നവർക്ക് സ്കോളർഷിപ്പ് | 196500 | 0 |
| | | 115000 | 686198 | ലൈഫ് ജനറൽ | 0 | 801198 |
| | | 0 | 303286 | ലൈഫ് (എസ്.സി.) | 0 | 303286 |
| | | 0 | 100000 | ലൈഫ് (ലക്ഷം വീട്) | 0 | 100000 |
| ആകെ | | 115000 | 1388864 | | 349380 | 1204484 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 0 | 50000 | ക്ഷീരസമൃദ്ധി | 50000 | 0 |
| | | 0 | 42000 | ഹരിതഭവനം | 42000 | 0 |
| | | 0 | 135000 | സ്നേഹ സ്പർശം മാനസിക വെല്ലുവിളി നേരിടു ന്നവർക്ക് സ്കോളർഷിപ്പ് | 135000 | 0 |
| | | 0 | 4320 | ജലശ്രീ കിണർ റീചാർജ്ജിംഗ് | 4320 | 0 |
| | | 13841 | 0 | ലൈഫ് (എസ്.സി.) | 0 | 13841 |
| ആകെ | | 13841 | 0 | | 231320 | 13841 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | മുൻ ബാക്കി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് | നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|---|---|
| | | 2019-20 | | | | | |
| കേരള വാട്ടർ അതോറിറ്റി | 3581315 | - | - | - | - | *- | 3581315 |

| | | | | | | | |
|---|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 83250 | 139/19- തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായി ഇലക്ട്രിക്ക് ലൈൻ എക്സ്റ്റൻഷൻ | 182800 | 0 | 182800 | **- | 266050 |

*150/18പൈപ്പ് ലൈൻ എക്സ്റ്റൻഷൻ എന്ന പ്രോജക്ടിന്റെ 951399.14/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം 2019-20 വർഷം കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ചിട്ടുണ്ട്(No.DB1-1303/18/WSDN/ATL/04.11.19). എന്നാൽ പ്രസ്തുത വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**103/18 -തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായി ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ എന്ന പ്രോജക്ടിന്റെ 83250/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം 2019-20 വർഷം കെ.എസ്.ഇ.ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട് (No.Db.97/19-20/4-7-19). എന്നാൽ പ്രസ്തുത വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ്/ നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം അടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC | 289/എൽ.എം.സി.എ1-കെ.യു.ആർ.ഡി.എഫ്.സി /2018 തീയതി 04.01.2019 | 3334163 | 0 | 485294 | 36967647 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 43481201 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 40688268 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 604950 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 79800 | |
| 1-32 | 85270 | ശ്രീമതി ഓമന ദേവദാസ്, സെക്രട്ടറി |
| 1-33 | 182800 | |
| 1-34 | 200000 | |
| 1-35 | 15000 | |
| 1-36 | 10176 | |
| 1-40 | 31904 | |
| ആകെ | 604950 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-7-1 | 32800 | ശ്രീമതി ഓമന ദേവദാസ്, സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ഓമന ദേവദാസ്, സെക്രട്ടറി | സെക്രട്ടറി, അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് | TC 13/1804-3, എ. ആർ. ആർ. എ 32,<br>അവിട്ടം റോഡ്, മെഡിക്കൽ കോളേജ് -11<br>തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം, ഖണ്ഡിക നമ്പർ | റിമാർക്സ് |
|---|---|---|---|
| 2004-05 | കെ.എസ് .എ.റ്റി .വി.എം. ജി.പി. 8/950/ 2018 , 08.05.2018 | 3 (3.1,3.5,3.6) | |
| 2006-07 | കെ.എസ് .എ.റ്റി .വി.എം. ജി.പി. 8/950/ 2018 , 08.05.2018 | 3 (3.6,3.7,3.8) | |
| 2007-08 | കെ.എസ് .എ.റ്റി .വി.എം. ജി.പി. 8/950/ 2018 , 08.05.2018 | 5 (3.11,3.16,3.17,3.18, 3.19) | |
| 2008-09 | കെ.എസ് .എ.റ്റി .വി.എം. ജി.പി. 8/950/ 2018 , 08.05.2018 | 4 (3.1,3.6,3.8,3.9) | |
| 2009-10 | കെ.എസ് .എ.റ്റി .വി.എം. ജി.പി. 8/950/ 2018 , 08.05.2018 | 6 (2.2,3.2,3.3,3.4,3.5,4.3) | |
| 2010-11 | കെ.എസ് .എ.റ്റി .വി.എം. ജി.പി. 8/950/ 2018 , 08.05.2018 | 6 (2.1,2.2,2.3,3.2,3.4,4.6) | |
| 2012-13 | കെ.എസ് .എ.റ്റി .വി.എം. ജി.പി. 8/950/ 2018 , 08.05.2018 | 11 (2.2,2.3,2.4,2.5,3.1,3.2, 3.3,3.4,3.6,3.10,3.11) | |
| 2013-14 | കെഎസ്എ.റ്റി.വി.എം/ജി.പി.8/1367/2015, 17.10.2015 | 4 (3.2,3.6,3.12,3.16) | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/ 1399/2016, 03.08.2016 | 3 (2.2,3.1,3.3) | |
| 2015-16 | കെ എസ്. എ/ റ്റി. വി. എം/ ജി. പി. 6/2196 /2016, 28.12.2016 | 4 (2.2,3.1,3.2,3.3) | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി .8/1615/2017, 04.08.2017 | 9 (2.1,2.2,2.3,2.4,2.5,2.10, 3.1,3.6,3.9) | |

| | | | |
|---|---|---|---|
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി 8/2556/18 | 33 | |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി 8/491/20 | 37 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്

എസ്.20/10/21

# അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്